


# മഹാത്മാഗാന്ധി ദേശിയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

**സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്**

**(1/10/2018 - 31/03/2019**

ജില്ല : കോഴിക്കോട്

ബ്ലോക്ക് : പന്തലായനി

ഗ്രാമപഞ്ചായത്ത് : അത്തോളി

വാർഡ് : 1

സ്ഥലം : പാലോറ, കൂനഞ്ചേരി, മൊടക്കല്ലൂർ & കൂമുള്ളി

## ആമുഖം

ഇന്ത്യയിലെ ദരിദ്രരായ ഗ്രാമീണ ജനതയുടെ ദാരിദ്രം ലഘൂകരിക്കുന്നതിനും അവരുടെ ജീവിത സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനും വേണ്ടി രൂപം കൊടുത്തിട്ടുള്ള ഒരു ബ്രിഹത്പദ്ധതിയാണ് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴി ലുറപ്പ് പദ്ധതി. കാർഷിക മേഖലയിലും നിർമാണ മേഖലയിലും തൊഴിൽ ലഭിക്കാതെ ഗ്രാമീണ ജനത ബുദ്ധിമുട്ട് അനുഭവിക്കുമ്പോൾ അവർക്കു 100 ദിവസത്തെ തൊഴിലെങ്കിലും ഉറപ്പ് വരുത്താൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. ഇങ്ങനെ തൊഴിൽ നൽകുന്നതിന് ഏറ്റെടുക്കുന്ന വിവി ധ പ ദ്ധതികളിലൂടെ രാജ്യത്തിന്റെ മണ്ണും ജലവും പരമാവധി സാധ്യമാവുമെന്ന് പ്രതീക്ഷിക്കുന്നു. തൊഴിൽ ആ വിശ്യപ്പെടുന്നവർക്ക് നിശ്ചിത കാലയളവിനുള്ളിൽ തൊഴിൽ ലഭിക്കുന്നുവെന്നും അതിനു നിര്ണയിക്കപ്പെട്ടിട്ടുള്ള വേതനം നിർദിഷ്ട സമയത്തിനുള്ളിൽ ലഭിക്കുന്നുവെന്നും ഉറപ്പു വരുത്തുന്നതിന് ഇന്ത്യൻ പാർലമെന്റ് പാസാക്കിയിട്ടുള്ള നിയമമാണ് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം. 2005 ഓഗസ്റ്റ് 23 നാണ് പാർലിമെന്റ് ഈ നിയമം പാസാക്കുന്നത്.

സോഷ്യൽ ഓഡിറ്റ് എന്നത് തൊഴിലുറപ്പ് പദ്ധതിയുടെ ഗുണമേന്മ, സാമ്പത്തിക പ്രവർത്തനങ്ങൾ എന്നിവ പരിശോധനാ വിധേയമാക്കുക എന്ന ലക്ഷ്യത്തൊടെ ആരംഭിച്ച പദ്ധതിയാണ്. ഈ പദ്ധതി പ്രകാരം തൊഴിലുറപ്പ് നിയമ പ്രകാരം തൊഴി ലാളികള്ക്കു ള്ള അവകാശങ്ങളുടെ നിലവിലെ അവസ്ഥ വിലയിരുത്തുക , തൊഴിലാളികളുടെ അവകാശങ്ങളെ കുറിച്ചുള്ള ബോധവൽക്കരണം തുടങ്ങിയവയും സോഷ്യൽ ഓഡിറ്റിന്റെ ലക്ഷ്യങ്ങളാണ്. സംസ്ഥാങ്ങളിൽ കംട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ നേതൃത്വത്തിലാണ് ജില്ലയിൽ സോഷ്യ ൽ ഓഡിറ്റ് നടത്തുന്നത്. പദ്ധതിയുടെ ഭാഗമായി നടന്നിട്ടുള്ള പ്രവൃത്തികളുടെ ഗുണമേന്മ , സാമ്പത്തിക പ്രവർത്തനങ്ങൾ എന്നിവയുടെ ഓഡിറ്റിനോടൊപ്പം തന്നെ തൊഴിലുറപ്പ് നിയമ പ്രകാരം തൊഴിലാളികൾക്ക് ഉള്ള അവകാശങ്ങളുടെ നിലവിലെ അവസ്ഥ എന്താണ്, തൊഴിലാളികൾക്കു കേന്ദ്ര –സംസ്ഥാന സർക്കാരുകൾ അനുവദിക്കുന്ന തൊഴിൽ ദിനങ്ങൾ എങ്ങിനെ നേടിയെടുക്കാം എന്നുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവ സോഷ്യൽ ഓഡിറ്റിലൂടെ ലക്ഷ്യമിടുന്നു. ആദ്യ ഘട്ടത്തിൽ 2018 ഒക്ടോബർ ഒന്നുമുതൽ 2019 മാർച്ച് 31 വരെ നടപ്പിലാക്കിയ പ്രവൃത്തികൾ ആണ് പരിശോധിക്കു ന്നത് . ഇതിനായി പരിശീലനം ലഭിച്ച റിസോഴ്സ്പേർസൺമാർ ജില്ലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കും. ഓരോ പഞ്ചായത്തുകളിലെയും മുഴുവൻ വാർഡുകളിലെയും പ്രവർത്തനങ്ങൾ ഓഡിറ്റിന് വിധേയമാക്കും. വിവിധ ഘട്ടങ്ങൾ ആയാണ് സോഷ്യൽ ഓഡിറ്റ് ഓരോ വാർഡിലും നടത്തുന്നത്. ആദ്യഘട്ടം ഫയൽ പരിശോധന , രണ്ടാം ഘട്ടം പ്രവൃത്തിസ്ഥല പരിശോധന , മൂന്നാം ഘട്ടം തൊഴിലാളികളും പ്രദേശവാസികളുമായുള്ള അഭിമുഖം , നാലാം ഘട്ടം സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ. പ്രവൃത്തി ഫയലുകളിൽ ഗവൺമെന്റ് മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ചുള്ള 22 രേഖകളും (ആവശ്യമായവ )സൂക്ഷിച്ചിട്ടുണ്ടോ എന്നും അവ കൃത്യമായിത്തന്നെ ആണോ സൂക്ഷിച്ചിരിക്കുന്നത് എന്നുമാണ് ആദ്യഘട്ട പരിശോധന. അതിനുശേഷം പ്രവൃത്തി സ്ഥലങ്ങൾ സന്ദർശിച്ച് നടത്തിയ പ്രവൃത്തിയിലെ അളവും ഗുണമേന്മയും വിലയിരുത്തുകയും നിയമപ്രകാരം

പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് ആവശ്യമായ നിർദേശങ്ങൾ നല്കുകയും ചെയ്യും. തുടർന്ന് തൊഴിലാളികളുടെ തൊഴിൽ കാർഡ് പരിശോധനയ്ക്ക് വിധേയമാക്കുകയും തൊഴിൽ ലഭിക്കുന്നതിനായി നല്കിയ അപേക്ഷയുടെ വിവരങ്ങൾ, ലഭിച്ച തൊഴിലുകളെ സംബന്ധിച്ച വിവരങ്ങൾ,കൂലി ലഭിച്ച സമയക്രമം എന്നിവ തൊഴിൽ കാർഡിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടോ എന്നും പരിശോധന നടത്തും. ഗുണഭോക്താക്കളെ സന്ദർശിച്ച് എസ്റ്റിമേറ്റ് പ്രകാരം അവരവരുടെ കൃഷിയിടങ്ങളിൽ കൃത്യമായി പ്രവൃത്തി നടന്നിട്ടുണ്ടോ എന്നും ഗുണഭോക്താക്കൾക്ക് തൊഴിലുറപ്പ് പദ്ധതിയുടെ ഗുണം ലഭിച്ചിട്ടുണ്ടോ എന്നും പരിശോധിക്കും. സോഷ്യൽ ഓഡിറ്റ് ഗ്രാമ സഭയിൽ ബന്ധപ്പെട്ട റിസോഴ്സ് പേർസൺമാർ തയ്യാറാക്കിയ കരട് റിപ്പോർട്ട് അവതരിപ്പിച്ചു ചർച്ച നടത്തും. ഗ്രാമസഭയിൽ ഓരോ വാർഡിലെയും മുഴുവൻ കുടുംബങ്ങളിൽ നിന്നുള്ള പ്രതിനിധികളെയും പങ്കെടുപ്പിക്കുകയും വാർഡിലെ മുഴുവൻ ജനങ്ങളെയും തൊഴിലുറപ്പ് സംബന്ധിച്ച കാര്യങ്ങൾ അറിയേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുകയും ചെയ്യും. കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ മാർഗ്ഗ നിർദേശങ്ങൾ അനുസരിച്ചുള്ള ആദ്യ സോഷ്യൽ ഓഡിറ്റ് ആണ് ഇപ്പോൾ ജില്ലയിൽ നടപ്പാക്കുന്നത്. കോഴിക്കോട് ജില്ലയിലെ ആദ്യ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ ചേളന്നൂർ പഞ്ചായത്തിലെ വാർഡ് 15 ൽ ആണ് നടന്നത്.

## അത്തോളി പഞ്ചായത്ത്

കേരളത്തിലെ പതിനാലു ജില്ലകളിൽ ഒന്നായ കോഴിക്കോട് ജില്ലയിലെ പന്തലായനി ബ്ലോക്കിൽ ഉൾപ്പെട്ട പഞ്ചായത്ത് ആണ് അത്തോളി ഗ്രാമ പഞ്ചായത്ത്. ഈ പഞ്ചായത്തിലെ ഒന്നാം വാർഡിൽ ആണ് ഞങ്ങളുടെ ആദ്യത്തെ സോഷ്യൽ ഓഡിറ്റ് നടന്നത്. ആദ്യം ബാലുശ്ശേരി ബ്ലോക്കിൽ ഉൾപ്പെട്ട അത്തോളി പഞ്ചായത്ത് കഴി ഞ്ഞ കുറച്ചു വർഷങ്ങൾക്കു മുൻപ് ആണ് പന്തലായനി ബ്ലോക്കിൽ ഉൾപ്പെടുത്തിയത്. കോരപ്പുഴ യുടെ തീരത്തു സ്ഥിതി ചെയ്യുന്ന ഒരു ചെറിയ ടൗൺ ആണ് അത്തോളി എന്ന സ്ഥലം. കുറ്റിയാടിയിലേക്ക് ഉള്ള സ്റ്റേറ്റ് ഹൈവേ റോഡ് കടന്നു പോവുന്നത് അത്തോളി പഞ്ചായത്തിന്റെ മുൻപിലൂടെ ആണ്. അത്തോളി പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. രവീന്ദ്രൻ, വൈസ് പ്രസിഡണ്ട് ശ്രീമതി. വത്സല വേലായുധ ൻ , പഞ്ചായത്ത് സെക്രട്ടറി എൻ. പ്രദീപൻ & അസിസ്റ്റന്റ് സെക്രട്ടറി ജിഷിത്. കെ എന്നിവർ ആണ്. 2015 -ലെ ഐ.സി .ഡി. എസ് കണക്ക് പ്രകാരം അത്തോളി ഗ്രാമ പഞ്ചായത്തിൽ ആകെ ജനസംഖ്യ 31330 ആണ്.

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | അത്തോളി |
| ജില്ല പഞ്ചായത്ത് | കോഴിക്കോട് |
| ബ്ലോക്ക് പഞ്ചായത്ത് | പന്തലായനി |
| ആകെ വാർഡ് | 17 |

| | |
|---|---|
| ഫോൺ നമ്പർ | 0496-2672235 |

## സോഷ്യൽ ഓഡിറ്റിന്റെ വിവിധഘട്ടങ്ങൾ

1) ആദ്യ ഘട്ടം : ഫയൽ പരിശോധന

2)രണ്ടാംഘട്ടം : പ്രവർത്തി സ്ഥലപരിശോധന

3)മൂന്നാംഘട്ടം: തൊഴിലാളികളും പ്രദേശവാസികളും തമ്മിലുള്ള അഭിമുഖങ്ങൾ

4)നാലാംഘട്ടം: സോഷ്യൽ ഓഡിറ്റ് കരട് റിപ്പോർട്ട് തയ്യറാക്കൽ

5)അഞ്ചാംഘട്ടം:സോഷ്യൽഓഡിറ്റ് ഗ്രാമസഭ

## തൊഴിലുറപ്പ് തൊഴിലാളികളുടെ 10 അവകാശങ്ങൾ

1).തൊഴിൽ കാർഡിനായി അപേക്ഷിക്കുവാനും 15 ദിവസത്തിനകം ലഭിക്കുവാനുള്ള അവകാശം.

2).തൊഴിൽ ആവശ്യപ്പെടാനും 15 ദിവസത്തിനുള്ളിൽ ലഭിക്കുവാനുള്ള അവകാശം.

3).15 ദിവസത്തിനകം തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം.

4). ഏറ്റെടുക്കേണ്ട പ്രവർത്തികൾ ആസൂത്രണം ചെയ്യുവാനുള്ള അവകാശം.

5). താമസസ്ഥലത്തിന് 5 കിലോമീറ്റർ ചുറ്റളവിനുള്ളിൽ തൊഴിൽ ലഭിക്കുവാനും ലഭിച്ചില്ലെങ്കിൽ 10% അധികമായി ലഭിക്കുവാനുള്ള അവകാശം

6).കുടിവെള്ളം, തണൽ, പ്രാഥമിക ശുശ്രൂഷ കിറ്റ്, തൊഴിലാളികളുടെ ഒപ്പം അഞ്ചിലധികം കുട്ടികൾ പ്രവർത്തി സ്ഥലത്ത് വന്നിട്ടുണ്ടെങ്കിൽ അവരെ നോക്കാൻ ആയ തുടങ്ങിയ പ്രവൃത്തി സ്ഥല സൗകര്യങ്ങൾക്കുള്ള അവകാശം.

7). സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കൂലി ലഭിക്കുവാനുള്ള അവകാശം.

8). തൊഴിൽ ചെയ്തു 15 ദിവസത്തിനകം കൂലി ലഭിക്കുവാനുള്ള അവകാശം.

9).15 ദിവസത്തിനകം കൂലി ലഭിച്ചില്ലെങ്കിൽ നഷ്ടപരിഹാരം ലഭിക്കുവാൻ ഉള്ള അവകാശം.

10). പരാതികൾക്ക് സമയബന്ധിതമായി പരിഹാരം ലഭിക്കുവാനും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ചിലവ് വരുന്ന തുകയുടെ സാമൂഹിക പരിശോധന നടത്തുവാനുള്ള അവകാശം.

## തൊഴിലുറപ്പു പദ്ധതിയുടെ മുഖ്യലക്ഷ്യങ്ങൾ

1) അവിദഗ്ദ്ധ -കായിക തൊഴിലിൽ ഏർപ്പെടാൻ സന്നദ്ധത ഉള്ള ഗ്രാമ പ്രദേശങ്ങളിൽ അധിവസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തിൽ കുറയാത്ത തൊഴിൽ ഉറപ്പാക്കുന്നതിനോടൊപ്പം ഗുണമേന്മയുള്ളതും സ്ഥായിയായിട്ടുള്ളതും ഉല്പാദന ക്ഷമമായിട്ടുള്ളതുമായ ആസ്തികൾ ആണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം.

2) സാമൂഹികാമായി പിന്നോക്കം നിൽക്കുന്ന എല്ലാ കുടുംബങ്ങളെയും പദ്ധതിയിൽ ഉൾപെടുത്തുക.

3) പഞ്ചായത്തിരാജ്സ്ഥാപങ്ങളെ ശക്തിപ്പെടുത്തുക.

4) ദാരിദ്രവും സാമ്പത്തികമായ ബുദ്ധിമുട്ടുകാലും ഗ്രാമ പ്രദേശങ്ങളിൽ നിന്നും തുടച്ചു നീക്കി ദരിദ്രരെ ശക്തിപ്പെടുത്തുക.

## തൊഴിലുറപ്പ് പദ്ധതിയുടെ സവിശേഷതകൾ

1) ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ താമസിക്കുന്ന 18 വയസ്സ് പൂർത്തിയായ ഏതൊരാൾക്കും തൊഴിലുറപ്പ് പദ്ധതിയിൽ അംഗങ്ങൾ ആവാം.

2) സ്ത്രീകൾക്ക് മുൻഗണന

3) സ്ത്രീക്കും പുരുഷനും ഒരേ വേതനം

4) പരിസ്ഥിതി സംരക്ഷണത്തിനും കാർഷിക മേഖലയ്ക്കും സമൂഹത്തിനും വികസനം ഉറപ്പ് വരുത്തിയുള്ള പ്രവർത്തനം

5) പൊതുജന പങ്കാളിത്തത്തോടെ ഉള്ള തൊഴിൽ സംരംഭം

6) തൊഴിലാളികൾക്ക് തന്നെ തൊഴിൽ കണ്ടെത്തുകയും, ആസൂത്രണ പദ്ധതിയിൽ അംഗങ്ങൾ ആവാനും ഉള്ള അവസരം

7 ) ഗ്രാമ സഭ പദ്ധതി ഓഡിറ്റ് ചെയ്യുന്നു (സോഷ്യൽ ഓഡിറ്റ് സംവിധാനം )

# സോഷ്യൽ ഓഡിറ്റ്

## രീതി ശാസ്ത്രം

കേരള സോഷ്യൽ ഓഡിറ്റ് സൊസൈറ്റി, കോഴിക്കോട് ജില്ല, പന്തലായനി ബ്ലോക്കിലെ അത്തോളി ഗ്രാമപഞ്ചായത്ത് വാർഡ് 1 ലെ സോഷ്യൽ ഓഡിറ്റ് നടത്തിയത്

• ആദ്യഘട്ടം :- പഞ്ചായത്ത് സെക്രട്ടറി പ്രസിഡന്റ്, എൻ.ആർ. ഇ. ജി. എ സ്റ്റാഫ് എന്നിവരുമായി സോഷ്യൽ ഓഡിറ്റ് ചേളന്നൂർ ബ്ലോക്ക് റിസോഴ്സ് പേഴ്സൺ ബിന്ദു. ബി. ആ ർ. പി വാർഡ് 1 ൽ നടത്തേണ്ട സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളെ കുറിച്ചുള്ള ചർച്ച നടത്തി.

• രണ്ടാം ഘട്ടം :- 2018 ഒക്ടോബർ മാസം തിയ്യതി മുതൽ 2019 മാർച്ച് മാസം വരെ ഏറ്റെടുത്തു നടത്തിയ പ്രവർത്തികളുടെ ഫയലുകൾ, 7 രെജിസ്റ്ററുകൾ എന്നിവ പരിശോധിച്ചു.

• മൂന്നാം ഘട്ടം :- പരിശോധിച്ച ഫയലുകളുടെ അടിസ്ഥാനത്തിൽ പ്രവർത്തിയിടങ്ങൾ പരിശോധിക്കൽ , ചെയ്ത പ്രവർത്തികളുടെ അളവുകൾ പരിശോധിച്ചു.

• നാലാം ഘട്ടം :- ഗുണഭോക്താക്കളോട് പ്രവർത്തികളുടെ ഗുണ ഫലങ്ങ ൾ ചോദിച്ചറിയുകയും സജീവ തൊഴിലാളികളെ കണ്ട് തൊഴിൽ കാർഡ്, ബാങ്ക് പാസ്സ് ബുക്ക് എന്നിവ പരിശോധിച്ചു അഭിമുഖം നടത്തി വിവരങ്ങൾ ശേഖരിച്ചു.

അഞ്ചാം ഘട്ടം :- ഫീൽഡ് പരി ശോധനയുടെയും ഫ യ ൽ പരിശോധനയുടെയും അടിസ്ഥാനത്തിൽ റിപ്പോർട്ട് തയ്യാറാക്കി.

# ഫയൽ പരിശോധന

സോഷ്യൽ ഓഡിറ്റ് പ്രവർത്തനത്തിന്റെ ആദ്യ ഘട്ടം ആണ് ഫയൽ പരിശോധന.

## പ്രവർത്തി വിശദീകരണം

വാർഡ് 1 ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തികൾ.

1.വിഭാഗം എ നീർത്തട മാസ്റ്റർ പ്ലാൻ മണ്ണ് -ജല സംരക്ഷണ പ്രവർത്തികൾ ഘട്ടം -2 വാർഡ് -1വർക്ക് കോഡ് : WC291927

ആരംഭിച്ച തിയ്യതി : 14/6/2018

അവസാനിച്ച തിയ്യതി :

അടങ്കൽ തുക : 499000

ബില്ല് തുക : 497780

ആകെ തൊഴിൽ ദിനങ്ങൾ : 1804

അനുവദിച്ച തൊഴിൽ ദിനങ്ങൾ : 2325

2. വിഭാഗം ഡി റോഡുകളുടെയും നടപ്പാത കളുടെയും നിർമാണവും നവീകരണവും വാർഡ് 1, വർക്ക് കോഡ് : 16040080021 RC 72513

ആരംഭിച്ച ദിവസം :

അവസാനിച്ച ദിവസം :

അടങ്കൽ തുക :471000

ബിൽ തുക :

ആകെ തൊഴിൽ ദിനങ്ങൾ:

അനുവദിച്ച തൊഴിൽദിനങ്ങൾ :

3.വിഭാഗം ഡി പടിക്കൽതാഴെ റോഡ് കോൺക്രീറ്റ് നിർ മ്മാണം വാർഡ് 1

വർക്ക് കോഡ് : 16040080021 RC 275764

ആരംഭിച്ച തിയ്യതി : 15/3/2019

അവസാനിച്ച തിയ്യതി : 29/3/2019

അടങ്കൽ തുക : 496000

ബില്ല് തുക : 455107

ആകെ തൊഴിൽ ദിനങ്ങൾ : 24(അവിഗ്ദ്ധതതൊഴിലാളികൾ )

52(വിദഗ്ദ/അർദ്ധവിദഗ്ധ തൊഴിലാളികൾ)

അനുവദിച്ച തൊഴിൽ ദിനങ്ങൾ : 90

4) വിഭാഗം എ    നീർത്തട മാസ്റ്റർ പ്ലാൻ പ്രകാരം മണ്ണ് ജല സംരക്ഷണ      പ്രവൃത്തികൾ ഘട്ടം 4

വാർഡ് 1,  വർക്ക് കോഡ്  :   WC 292403

Nപ്രവൃത്തി ആരംഭിച്ച തിയ്യതി : 13/11/18

പ്രവൃത്തി അവസാനിച്ച     തിയ്യതി : 18/3/19

അടങ്കൽ തുക : 499000/-

ബിൽ തുക :194394/-

ആകെ തൊഴിൽ ദിനങ്ങൾ  :  696 days

അനുവദിച്ച തൊഴിൽ ദിനങ്ങൾ   : 1092 days

5) വിഭാഗം  എ  കനാൽ   നവീകരണ   പ്രവൃത്തി ഘട്ടം 1വാർഡ് 1

വർക്ക് കോഡ്  : IC 212116

പ്രവൃത്തി ആരംഭിച്ച തിയ്യതി  : 25/12/18

പ്രവൃത്തി അവസാനിച്ച തിയ്യതി :16/2/19

അടങ്കൽ  തുക  : 102510/-

ബിൽ  തുക   : 88300/-

ആകെ  തൊഴിൽ  ദിനങ്ങൾ   : 314 days

അനുവദിച്ച തൊഴിൽ  ദിനങ്ങൾ  : 525 days

6) വിഭാഗം   എ     നീർത്തട മാസ്റ്റർ പ്ലാൻ പ്രകാരം മണ്ണ് ജല സംരക്ഷണ  പ്രവൃത്തികൾ ഘട്ടം 1 വാർഡ് 1,  വർക്ക് കോഡ് : WC 292991

പ്രവൃത്തി ആരംഭിച്ച തിയ്യതി : 24/5/18

പ്രവൃത്തി അവസാനിച്ച  തിയ്യതി : 31/10/18

അടങ്കൽ തുക : 500000/-

ബിൽ തുക : 487747/-

ആകെ തൊഴിൽ ദിനങ്ങൾ  :1769 days

അനുവദിച്ച തൊഴിൽ ദിനങ്ങൾ   : 3539 days

7) വിഭാഗം   എ    നീർത്തട മാസ്റ്റർ പ്ലാൻ പ്രകാരം മണ്ണ് ജല സംരക്ഷണ       പ്രവർത്തികൾ, ഘട്ടം 3

വാർഡ്   1,  വർക്ക് കോഡ്       :  W/C 292288

പ്രവർത്തി ആരംഭിച്ച തിയ്യതി  : 30/8/2018

പ്രവർത്തി അവസാനിച്ച  തിയ്യതി : 19/12/2018

അടങ്കൽ തുക  : 500000

ആകെ  തൊഴിൽ ദിനങ്ങൾ   : 1781

അനുവദിച്ച തൊഴിൽ  ദിനങ്ങൾ   :

8) വിഭാഗം എ നീർത്തട മാസ്റ്റർ പ്ലാൻ പ്രകാരം  മണ്ണ് ജല സംരക്ഷണ  പ്രവർത്തികൾ,   വാർഡ്   - 1,

ഘട്ടം 3,  വർക്ക്കോഡ്   : W/C 292030

പ്രവർത്തി ആരംഭിച്ച തിയ്യതി : 2/8/2018

പ്രവർത്തി അവസാനിച്ച തിയ്യതി :18/8/2018

അടങ്കൽ തുക  : 500000

ബില്ല് തുക  : 280047

ആകെ തൊഴിൽ  ദിനങ്ങൾ : 1022

അനുവദിച്ച തൊഴിൽ ദിനങ്ങൾ   : 1679

**കേന്ദ്ര സർക്കാർ  നിർദേശ  പ്രകാരം ഒരു  വർക്ക്  ഫയലിൽ  താഴെപ്പറയുന്ന രേഖകൾ   നിർബന്ധമായും ഉണ്ടാകേണ്ടതാണ്  ;**

1. കവർപേജ്

2. ചെക്ക് ലിസ്റ്റ്

3. ആക്ഷൻ  പ്ലാൻ/ ഷെൽഫ്  ഓഫ്  വർക്ക് എന്നിവയുടെ  അംഗീകരിച്ച കോപ്പി.

4. സാങ്കേതിക എസ്റ്റിമേറ്റും ഡിസൈനും  അടങ്ങുന്ന സാങ്കേതിക അനുമതിയുടെ      കോപ്പി.

5. ഭരണാനുമതിയുടെ കോപ്പി.

6. സാങ്കേതിക അനുമതിയുടെ കോപ്പി

7. സംയോജിത പദ്ധതിയുടെ വിശദാംശങ്ങൾ.

8. തൊഴിലാളികൾ തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ.

9. തൊഴിൽ അനുവദിച്ചുകൊണ്ടുള്ള രേഖയുടെ കോപ്പി.

10. പൂരിപ്പിച്ച മസ്റ്റർ റോളിന്റെ കോപ്പി.

11. മെഷർമെന്റ് ബുക്കിന്റെ കോപ്പി.

12. സാധനങ്ങൾ വാങ്ങുന്നതിനുള്ള ക്വട്ടേഷൻ ക്ഷണിച്ചത്തിന്റെയും കംപാര്ട്ടിവ് സ്റ്റേറ്റ്മെന്റിറ്റിയും മെറ്റീരിയൽ കോപ്പി.

13. വേജ് ലിസ്റ്റ്

14. വേതനത്തിന്റെയും സാധനങ്ങൾക്ക് പണം അടച്ചതിന്റെയും FTO യുടെയും കോപ്പി.

15. മെറ്റീരിയൽ വൗച്ചറിന്റെയും ബില്ലുകളുടെ യും കോപ്പി.

16.റോയലിറ്റി അടച്ചതിന്റെ രസീത് കോപ്പി.

17. തൊഴിലിന്റെ 3 ഘട്ടങ്ങളിലുള്ള ഫോട്ടോകൾ.

18. പ്രവർത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ് കോപ്പി.

19.മാസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്.

20.ആസ്തിയുടെ ജിയോ ടാഗ്ഡ് ഫോട്ടോകൾ.

21. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് കോപ്പി.

22. സൈറ്റ് ഡയറി.

## മുകളിൽ പറഞ്ഞിരിക്കുന്ന രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച ഫയലുകളിലെ വിവരങ്ങൾ താഴെ കൊടുക്കുന്നു ;

(**പ്രവർത്തികളുടെ വർക്ക് കോഡ്** WC292288, WC292030, WC292403, IC212116, WC292991, WC291927, RC275764, RC72513).

1) കവർ പേ ജ് :- പരിശോധിച്ച പ്രവർത്തികളുടെ ഫയലുകളിൽ എ ല്ലാം തന്നെ പ്രാദേശികമായിട്ട് ഉള്ള കവർ പേജ് ആണുള്ളത്. എ. എം. സി പ്രകാരമുള്ള കവർ പേജ് ഒനുലുമില്ല.

2) ചെക്ക് ലിസ്റ്റ് :- IC212116 & RC275764 ഈ രണ്ട് ഫയലുകളിൽ മാത്രമേ ചെക്ക് ലിസ്റ്റ് ഉള്ളൂ.

ബാക്കിയുള്ള ഫയലുകൾ (WC291927, RC72513, WC292403, WC292991, WC292288 & WC292030 )

3) ആക്ഷൻ പ്ലാൻ / ഷെൽഫ് ഓഫ് വർക്ക്സ് എന്നിവയുടെ അംഗീകരിച്ച കോപ്പി :- പരിശോധിച്ച RC275764 എന്ന ഫയലിൽ മാത്രമേ ഇത് ഉണ്ടായിരുനുള്ളൂ. മറ്റുള്ള ഒരു ഫയലുകളിലും ഇത് ഉണ്ടായിരുന്നില്ല. ( WC292288, WC292030, WC292403, IC212116, WC292991, WC291927, RC72513).

4) സാങ്കേതിക എസ്റ്റിമേറ്റും ഡിസൈനും അടങ്ങുന്ന സാങ്കേതികാനുമതിയുടെ കോപ്പി :- പരിശോധിച്ച എല്ലാ ഫയലിലും ഉണ്ട്.

5)ഭരണാനുമതിയുടെ കോപ്പി :- പരിശോധിച്ച എല്ലാ ഫയലിലും ഉണ്ട്.

6) സാങ്കേതികാനുമതിയുടെ കോപ്പി :- പരിശോധിച്ച എല്ലാ ഫയലിലും ഉണ്ട്.

7) സംയോജിത പദ്ധതി വിശദംശങ്ങൾ :- പരിശോധിച്ച ഫയലുകൾ ഒന്നും തന്നെ സംയോജി ത പദ്ധതി ആയിരുന്നില്ല.

8)തൊഴിലാളികൾ തൊഴി ൽ ആവിശ്യപ്പെട്ട് കൊണ്ടു ള്ള അപേക്ഷ :- എഴുതി തയ്യാറാക്കിയ അപേക്ഷയാണ് പരിശോധിച്ച എല്ലാ ഫയലുകളിലും കാണാൻ കഴിഞ്ഞത്. അപേക്ഷ ഫോമിൽ തൊഴിലാളികളുടെ പേരും ഒപ്പും ഉണ്ടെങ്കിലും ഏതു ദിവസം മുതൽ തൊഴിൽ ആവിശ്യമാണെന്ന് സൂചിപ്പിച്ചിട്ടില്ല.

9)തൊഴിൽ

അനുവദിച്ചു കൊണ്ടുള്ള രേഖയുടെ കോപ്പി :- RC 275764 എന്ന ഫയലിൽ മാത്രമേ ഈ കോപ്പി ഉണ്ടായിരുന്നുള്ളൂ. മറ്റു ഫയലുകളിൽ ഒന്നും തന്നെ ഇത് കാണാൻ സാധിച്ചിരുന്നില്ല.

(WC292288, WC292030, WC292403, IC212116, WC292991, WC291927, RC72513).

10)പൂരിപ്പിച്ച മസ്റ്റർ റോളിന്റെ കോപ്പി :- പൂരിപ്പിച്ച മസ്റ്റർ റോളിന്റെ കോപ്പി എല്ലാത്തിലും ഉണ്ടെങ്കിലും WC292288 എന്ന ഫയലിൽ പൂർണമല്ലാത്തതും വെട്ടിത്തിരുത്തലുകൾ ഉള്ളതുമായ മസ്റ്റർ റോൾ കാണാൻ കഴിഞ്ഞു.

11) എം. ബുക്കിന്റെ കോപ്പി :- പരിശോധിച്ച എല്ലാം പ്രവർത്തി ഫയലിലും ഉണ്ട്.

[WC 292288 എം. ബുക്ക് നമ്പർ 96/18-19

WC 292030 എം. ബുക്ക് നമ്പർ 100/18-19

WC 292403 എം. ബുക്ക്നമ്പർ 162/18-19

IC 212116 എം. ബുക്ക് നമ്പർ 68/18-19

WC 292991 എം. ബുക്ക് നമ്പർ 207/18-19

WC 291927 എം. ബുക്ക് നമ്പർ 09/18-19

RC 275764 എം. ബുക്ക് നമ്പർ 170/18-19

12)സാധനങ്ങൾ വാങ്ങുന്നതിനുള്ള കോട്ടേഷൻ ക്ഷണിച്ചതിന്റെയും കംപാരറ്റീവ് സ്റ്റേറ്റ്മെന്റ് ന്റെയും മെറ്റീരിയൽ ഓർഡറിന്റെയും കോപ്പി :- RC 275764 എന്ന ഫയലിൽ മാത്രമേ ഈ കോപ്പി ഉണ്ടായിരുന്നുള്ളൂ. മറ്റു ഫയലുകളിൽ ഒന്നും തന്നെ ഇത് കാണാൻ സാധിച്ചിരുന്നില്ല.

(WC292288, WC292030, WC292403, IC212116, WC292991, WC291927, RC72513).

13)വേജ് ലിസ്റ്റ് :- WC 292991 എന്ന ഫയലിൽ മാത്രമേ വേജ് ലിസ്റ്റ് കോപ്പി കാണാൻ സാധിച്ചിരുന്നുള്ളൂ. (WC292288, WC292030, WC292403, IC212116, WC291927, RC275764, RC72513).

14)വേതനത്തിന്റെയും സാധനങ്ങൾക്ക് പണമടച്ചതിന്റെയ്യും എഫ്. ടി. ഒ യുടെയും കോപ്പി : പരിശോധിച്ച ഒരു ഫയലിലും എഫ്. ടി. ഒ കോപ്പി ഇല്ലായിരുന്നു.

( WC292288, WC292030, WC292403, IC212116, WC292991, WC291927, RC275764, RC72513)

15)മെറ്റീരിയൽ വൗച്ചറിന്റെയും ബില്ലുകളുടെയും കോപ്പി :- RC 275764 എന്ന ഫയലിൽ മാത്രമേ ഈ കോപ്പി ഉണ്ടായിരുന്നുള്ളൂ. മറ്റു ഫയലുകളിൽ ഒന്നും തന്നെ ഇത് കാണാൻ സാധിച്ചിരുന്നില്ല.

(WC292288, WC292030, WC292403, IC212116, WC292991, WC291927, RC72513).

16)റോയലിറ്റി അടച്ചതിന്റെ രസീതിന്റെ കോപ്പി :- റോ യലിറ്റി ആവിശ്യമായിട്ട് ഉള്ള പ്രവർത്തനം ആയിരുന്നില്ല.

17)തൊഴിലിന്റെ മൂന്ന് ഘട്ടങ്ങളിൽ ഉള്ള ഫോട്ടോ :- RC 275764 എന്ന ഫയലിൽ മാത്രമേ തൊഴിലിന്റെ 3 ഘട്ടങ്ങളിലും ഉള്ള ഫോട്ടോ കാണാൻ സാധിച്ചിരുന്നുള്ളൂ. മറ്റു ഫയലുകളിൽ ഒന്നും തന്നെ ഇത് കാണാൻ സാധിച്ചിരുന്നില്ല. (WC292288, WC292030, WC292403, IC212116, WC292991, WC291927, RC72513).

18) പ്രവർത്തി പൂർത്തീകരണ സർട്ടിഫിക്കറ്റിന്റെ കോപ്പി :- പരിശോധിച്ച RC 72513 ഒഴികെ മറ്റെല്ലാ ഫയലിലും കാണാൻ സാധിച്ചു. ( : WC292288, WC292030, WC292403, IC212116, WC292991, WC291927, RC275764 ).

19) മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ് :- പരിശോധിച്ച RC 72513 ഒഴികെ മറ്റെല്ലാ ഫയലിലും കാണാൻ സാധിച്ചു. ( WC292288, WC292030, WC292403, IC212116, WC292991, WC291927, RC275764 ).

20) ആസ്തിയുടെ ജിയോ ടാഗ്ഗ്ഡ് ഫോട്ടോകൾ :- പരിശോധിച്ച ഫയലുകളിൽ ഒന്നും കാണാൻ സാധിച്ചില്ല (WC292288, WC292030, WC292403, IC212116, WC292991, WC291927, RC275764, RC72513).

21)social audit റിപ്പോർട്ടിന്റെ കോപ്പി :- പരിശോധിച്ചഫയലുകളിൽ ഒന്നും കാണാൻ സാധിച്ചില്ല(WC292288, WC292030, WC292403, IC212116, WC292991, WC291927, RC275764, RC72513).

22) സൈറ്റ് ഡയറി :-പരിശോധിച്ച RC 72513 ഒഴികെ മറ്റെല്ലാ ഫയലിലും കാണാൻ സാധിച്ചു. ( WC292288, WC292030, WC292403, IC212116, WC292991, WC291927, RC275764 ).

(Note :- വിഭാഗം ഡി റോഡുകളുടെയും നടപ്പാത കളുടെയും നിർമാണവും നവീകരണവും വാർഡ് 1

വർക്ക് കോഡ് : 16040080021 RC 72513

ഈ പ്രവർത്തിയുടെ ഫയലിൽ അടങ്ങിയിരിക്കുന്ന രേഖകൾ പ്രാദേശികമായിട്ട് ഉള്ള രീതിയിൽ ഉള്ള കവർ പേജ്, സാങ്കേതികാനുമതി, സാങ്കേതിക എസ്റ്റിമേറ്റും ഡിസൈനും അടങ്ങുന്ന സാങ്കേതികാനുമതിയുടെ കോപ്പി, ഭരണാനുമതിയുടെ കോപ്പി എന്നിവ മാത്രമാണ് പരിശോധിച്ചപ്പോൾ ഈ പ്രവർത്തിയുടെ രേഖകൾ ആയിട്ട് കണ്ടത്.

## രജിസ്റ്റർ പരിശോധന

കേന്ദ്ര സർക്കാരിന്റെ നിർദേശ പ്രകാരം താഴെ പറയുന്ന രജിസ്റ്ററുകൾ നിർബന്ധമായും ഗ്രാമ പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്.

1.തൊഴിൽ കാർഡ് രജിസ്റ്റർ

2.ആസ്തി രജിസ്റ്റർ

3.മെറ്റിരിയൽ /സ്റ്റോക്ക് രജിസ്റ്റർ

4.പരാതി പരിഹാര രജിസ്റ്റർ

5.ഡിമാൻഡ് രജിസ്റ്റർ

6.വർക്ക് രജിസ്റ്റർ

7.ഗ്രാമസഭ രജിസ്റ്റർ

2018-19 സാമ്പത്തിക വർഷത്തെ രജിസ്റ്ററുകൾ എം. ഐ. എസിൽ നിന്നും ശേഖരിച്ചു സൂക്ഷിച്ചിട്ടുണ്ട്.

1) ആസ്തി രജിസ്റ്റർ പരിശോധനയിൽ വിവരങ്ങൾ എല്ലാം കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്.

2) തൊഴിൽകാർഡ് രജിസ്റ്ററിൽ തൊഴിലാളികളുടെ വ്യക്തിഗത വിവരങ്ങളൊന്നും കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. തൊഴിൽ കാർഡ് നമ്പർ, ബാങ്ക് അക്കൗണ്ട് നമ്പർ, ബാങ്കിന്റെ പേര്, തൊഴിലാളികളുടെ വയസ്സ്, വിലാസം എന്നിവയൊന്നും കണ്ടില്ല. ആകെ 197തൊഴിൽ കാർഡ് വിവരങ്ങൾ ഉൾക്കൊള്ളിക്കേണ്ട രജിസ്റ്ററിൽ 74പേജുകൾ ശൂന്യമായിരുന്നു.

3) മെറ്റിരിയൽ രജിസ്റ്ററിലും ഫയലിലും എം ബുക്കിലും രേഖപെടുത്തിയിരിക്കുന്ന മെറ്റിരിയൽ

സംബന്ധിച്ച അളവുകൾ കൃത്യമാണ്.

4) പരാതി പരിഹാര രജിസ്റ്റർ പരിശോധിച്ചപ്പോൾ മനസിലായത് അതിൽ ഒന്നാം വാർഡിൽ നിന്ന് പരാതികൾ ഒന്നും ലഭിച്ചിട്ടില്ല.

5) വർക്ക് രജിസ്റ്ററിൽ പ്രവർത്തിയുടെ മുഴുവൻ വിവരങ്ങളും പട്ടിക പെടുത്തിയുട്ടുണ്ട്.

6) ഡിമാൻഡ് രജിസ്റ്റർ പരിശോധിച്ചപ്പോൾ കണ്ടത് ചില അപേക്ഷകളിൽ തൊഴിലാളികളുടെ പേരും കാർഡ് നമ്പറും ഉണ്ട് പക്ഷെ ഒപ്പ് ഇല്ല. ഏത് തിയ്യതി മുതൽ എത്ര ദിവസം തൊഴിൽ അനുവദിച്ചു തരണമെന്ന് പറയുണ്ട് അപേക്ഷിച്ച തിയ്യതി ഇല്ല.

7) ഗ്രാമ സഭ രെജിസ്റ്റർ പരിശോധിക്കാൻ സാധിച്ചില്ല.

## ഫീൽഡ് വിസിറ്റ് കണ്ടെത്തലുകൾ

ഞങ്ങൾ പരിശോധിച്ച ഫയലിന്റെ ലൊക്കേഷൻ മൊടക്കല്ലൂർ, കൂമുള്ളി, കൂനഞ്ചേരി & പാലോറ എന്നീ ഭാഗങ്ങളിൽ ആയിരുന്നു.

പരിശോധനയുടെ ഭാഗമായി ഞങ്ങൾ ഭൂവുടമകളുടെ പുരയിടങ്ങളിലും അതിനോടനുബന്ധിച്ച സ്ഥലങ്ങളിലും വർക്ക് കഴിഞ്ഞ റോഡും കനാലും പരിശോധനക്കി വിധേയമാക്കുകയും അതിന്റെ നിലവാരം വില ഇരുത്തുകയും അളവെടുക്കുകയും രേഖപ്പെടുത്തുകയും ചെയ്തു. ഈ വർക്ക് ഫയലിൽ ഉൾപെട്ടിരിക്കുന്ന പ്രവർത്തികൾ പ്രധാനമായും

a) റോഡ് നിർമ്മാണം

b) കനാല് നവീകരണം

c) മഴക്കുഴി

d) മണ്ണ് കയ്യാല

e) കല്ല് കയ്യാല

f) മൺ വരമ്പ്

e) കിണർ നിർമ്മാണം

**പരിശോധനയിലൂടെ മനസിലാക്കാൻ കഴിഞ്ഞത്**

* ) ഒട്ടു മിക്ക മഴക്കുഴികളിലും വാഴയും തെങ്ങിൻ തൈകളും ആണ് നട്ടു വളർത്തിയിരിക്കുന്നത്.

* ) ചിലയിടങ്ങളിൽ  മഴക്കുഴികൾ വേസ്റ്റ് കുഴികൾ ആയി  ഉപയോഗിച്ച അവസ്ഥയിൽ ആയിരുന്നു.

* )അതിനെ  കുറിച്ച് അന്വേഷിച്ചപ്പോൾ  അറിയാൻ  കഴിഞ്ഞത് ഭൂവുടമകളിൽ  ചിലർ മഴക്കുഴികൾ കണക്കു  അനുസരിച്ചു അളവെടുത്തു  തൊഴിൽ ചെയ്യാൻ തൊഴിലാളികളെ അനുവദിക്കാറില്ല എന്നും പകരം അവരുടെ ആവിശ്യങ്ങൾക്കും നിബന്ധനകൾക്കും അനുസൃതമായി തൊഴിൽ ചെയ്യാൻ തൊഴിലാളികളിൽ  സമ്മർദ്ദം ചെലുത്താറുണ്ട് എന്നുമാണ്.

* )അതുപോലെ  തന്നെ മൺവരമ്പുകളിൽ  പലതും  കാട് പിടിച്ച നിലയിലും,  ചില  ഇടങ്ങളിൽ  അവ നശിച്ചു പോയതും, പ്രവർത്തി നടന്ന ചില ഇടങ്ങളിൽ വീണ്ടും മറ്റു പ്രവർത്തികൾ നടന്നതിനാലും കൃത്യമായ  അളവുകൾ  തിട്ടപ്പെടുത്താൻ സാധിച്ചില്ല.

*) തൊഴിലാളികളും ആയി സംസാരിച്ചപ്പോൾ  മനസിലായത് അവർക്ക് പലർക്കും തൊഴിലാളികളുടെ 10 അവകാശങ്ങളെകു റിച്ചു വേണ്ടത്ര അറിവ്  ഇല്ലായിരുന്നു എന്നും,  പല അവകാശങ്ങളും  നിഷേധിക്കപെടുന്നു എന്നും ആണ്.

## അളവുകൾ

1) വിഭാഗം എ   നീർത്തട മാസ്റ്റർ പ്ലാൻ മണ്ണ് -ജല സംരക്ഷണ  പ്രവർത്തികൾ  ഘട്ടം -2 വാർഡ് - 1
വർക്ക് കോഡ് : WC 291927

| ക്രമ നമ്പർ | വീട്ടുപേര് | പ്രവർത്തികൾ | അളവുകൾ |
|---|---|---|---|
| 1 | തായ്യാട്ട് മീത്തൽ  ഇന്ദിര | മഴ കുഴികൾ  (3) | വാഴ  വെച്ചത് കൊണ്ട് അളവെടുക്കാൻ  സാധിച്ചില്ല |
| 2 | തായ്യാട്ട് മീത്തൽ  മിനി | മൺവരമ്പ് | ആ സ്ഥാനത്തു വീടിന്റെ തറ ഇട്ടതിനാല്  അളവെടുക്കാൻ സാധിച്ചില്ല |

| | | | |
|---|---|---|---|
| 3 | തായ്യാട്ടു മീത്തൽ ബാബു | മഴക്കുഴികൾ (2)<br><br>മൺവരമ്പ് | വെസ്റ്റുകൾ ഇട്ടിരിക്കുന്നതിനാൽ അളവെടുക്കാൻ സാധിച്ചില്ല<br><br>128മീറ്റർ & 9സെ. മി |
| 4 | തായ്യാട്ടു മീത്തൽ സരോജിനി | മൺ വരമ്പ് | പറമ്പ് മൊത്തം കാട് ആയിരുന്നു . അത്കൊണ്ട് അളക്കാൻ സാധിച്ചില്ല |
| 5 | പൊട്ടൻ ചാലിൽ മീനാക്ഷി | മൺ വ രമ്പ് | 120മീറ്റർ |
| 6 | വടക്കയിൽ ഗോപി | മഴക്കുഴികൾ | 2മീറ്റർ വീതി & 1.5 മീറ്റർ ആഴം |
| 7 | തായ്യാട്ട് മീത്തൽ കരിയാത്തൻ | മൺ വരമ്പ് | പറമ്പ് മൊത്തം കാട് ആയിരുന്നു. അത്കൊണ്ട് അളക്കാൻ സാധിച്ചില്ല |
| 8 | കുണ്ടുങ്ങര കാർത്യായനി നാരായണൻ | മഴക്കുഴികൾ<br><br>മൺ വരമ്പ് | കാണാൻ ഇല്ല<br><br>26.2 മീറ്റർ മാത്രമാണ് അളക്കാൻ സാധിച്ചത്. ബാക്കി ഉള്ള സ്ഥലം മുഴുവൻ കാട് ആയതിനാൽ കാണാനോ അളക്കാനോ സാധിച്ചിരുന്നില്ല. |
| 9 | ചെട്ട്യാൻ പാറക്കൽ ഖദീജ | കല്ല് കയ്യാല<br><br>മൺ വരമ്പ് | നീളം :16.80മീറ്റർ & വീതി : 85cm<br><br>91.5 മീറ്റർ |
| 10 | തായ്യാട്ട് മീത്തൽ സുധാകരൻ | മഴക്കുഴികൾ (2)<br><br>മൺ വരമ്പ് | അളക്കാൻ സാധിച്ചില്ല<br><br>കാട് പിടിച്ചു കിടക്കുന്നു. അളക്കാൻ സാധിച്ചില്ല |
| 11 | കുണ്ടുങ്ങര പെണ്ണുകുട്ടി | മൺ വരമ്പ് | 47.80 മീറ്റർ |
| 12 | കുണ്ടുങ്ങര രാധ | മൺ വരമ്പ് | 128.50 മീറ്റർ |
| 13 | കൊല്ലൻ കണ്ടി ഭാസ്കരൻ | മൺ വരമ്പ് | 180.20 മീറ്റർ |

| | | | |
|---|---|---|---|
| 14 | പടിക്കൽ മീത്തൽ ശോഭന | മൺ വരമ്പ് | 90മീറ്റർ അളന്നു.ബാക്കി അളക്കാൻ സാധിച്ചില്ല |
| 15 | പാറക്കൽ മാധവി | മൺ വരമ്പ് | അളക്കാൻ സാധിച്ചില്ല (പണി കഴിഞ്ഞ സ്ഥലത്ത് കാട് ) |
| 16 | അമ്മിണി കോറോത്ത് ഗിരീശൻ | മൺ വ രമ്പ് & മഴക്കുഴി | അളക്കാൻ സാധിച്ചില്ല |
| 17. | അമ്മിണി കോറോത്ത് രാജൻ | മൺ വരമ്പ് & മഴക്കുഴി | അള ക്കാൻ സാധിച്ചില്ല |
| 18 | പാകായി ജാനു അമ്മ | മൺ വരമ്പ് | 210.15 മീറ്റർ |
| 19 | കിഴക്കേ മോറക്കാട് ചാപ്പൻ നായർ | മൺ വരമ്പ് | 192 മീറ്റർ |
| 20 | മോറക്കാട് ശ്രീധരൻ നായർ | മൺ വരമ്പ്<br>മഴക്കുഴി (35) | 210 മീറ്റർ<br>തെങ്ങിൻ തൈകൾ നട്ടു പിടിപ്പിച്ചിട്ടുണ്ട് |
| 21 | അമ്മിണി കോറോത്ത് മാലതി | മൺ വരമ്പ് & മഴക്കുഴി | അളക്കാൻ സാധിച്ചില്ല |
| 22 | നടുവിലെ മോറക്കാട് നാരായണി അമ്മ | മൺ വരമ്പ് | കാട് ആയതിനാൽ അ ളക്കാൻ സാധിച്ചില്ല |
| 23 | മോറക്കാട് ഉണ്ണിനായർ | മഴക്കുഴികൾ (4)<br>മൺ വരമ്പ്<br>കല്ല് കയ്യാല<br>മൺ കയ്യാല &<br>തെങ്ങുതുറക്കൽ | മഴപെയ്തു മണ്ണൊലിച്ചു നികന്നു പോയി<br>84 മീറ്റർ അളന്നു, ബാക്കി കാട് പിടിച്ചു കിടക്കുന്നു<br>15മീറ്റർ നീളം & 1:20വീതി<br>12മീറ്റർ നീളം & 1:10 വീതി |
| 24 | വെണ്മണിയിൽ മീത്തൽ ദേവി | മൺ വരമ്പ് | 20 മീറ്റർ അളന്നു |
| 25 | വെണ്മണിയിൽ ബബീഷ് & ബബിത്ത് | തെങ്ങു തുറക്കൽ & മൺ വരമ്പ് | ഈ പ്രവർത്തി കാണാൻ ഇല്ലായിരുന്നു |

സി. ഐ. ബി ( സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ) = ഇല്ലായിരുന്നു

2)വിഭാഗം ഡി പടിക്കൽതാഴെ റോഡ് കോൺക്രീറ്റ് നിർമ്മാണം വാർഡ് 1, വർക്ക് കോഡ് : 16040080021 RC 275764

നീളം =127.60 മീറ്റർ (30+30+30+30+7.60)

വീതി = 4:20 മീറ്റർ (തുടക്കത്തിൽ) & 2:50 മീറ്റർ (അവസാനം)

ആഴം = അളക്കാൻ സാധിച്ചില്ല

സി. ഐ. ബി ( സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ) = സി. ഐ. ബി ബോർഡിൽ ഉള്ള പണി പൂർത്തിയായ തിയ്യതിയും ഫയൽ പരിശോധിച്ചപ്പോൾ രേഖയിൽ കണ്ട പണി പൂർത്തിയായ തിയ്യതിയും തമ്മിൽ വ്യത്യാസം ഉണ്ട്.

ഫയൽ രേഖയിൽ പണി ആരംഭിച്ച തിയ്യതി = 15/03/2019

ഫയൽ രേഖയിൽ പണി പൂർത്തിയായ തിയ്യതി = 29/03/2019

സി. ഐ. ബി ബോർഡിൽ പണി ആരംഭിച്ച തിയ്യതി = 15/03/2019

സി. ഐ. ബി ബോർഡിൽ പണി പൂർത്തിയായ തിയ്യതി = 21/03/2019

3)വിഭാഗം എ നീർത്തട മാസ്റ്റർ പ്ലാൻ പ്രകാരം മണ്ണ് ജല സംരക്ഷണ പ്രവൃത്തികൾ ഘട്ടം 4 വാർഡ് 1 വർക്ക് കോഡ് : WC 292403

| ക്രമ നമ്പർ | വീട്ടുപേര് | പ്രവൃത്തി | അളവ് |
|---|---|---|---|
| 1 | മോറക്കാട്ട് ജാനു അ മ്മ (മൊടക്കല്ലൂർ ) | മണ്ണ് വരമ്പ് (7 എണ്ണം )<br>മഴക്കുഴി (4 എണ്ണം ) | 10.50mtr<br>കാടു പിടിച്ചതിനാൽ അളവ് എടുക്കാൻ സാധിച്ചില്ല |
| 2. | പ്രഭാകരൻ കുണ്ടുങ്ങര (മൊടക്കല്ലൂർ) | മൺ വരമ്പ് (7എണ്ണം ) | 10.50mtr |
| 3. | പ്രേമ തായാട്ട് | മൺ വരമ്പ് (10എ ണ്ണം ) | 15 mtr |

| | | | |
|---|---|---|---|
| 4 | പത്മനാഭൻ നായർ കിഴക്കയിൽ (മൊടക്കല്ലൂർ ) | പണി വന്നിട്ടില്ല | |
| 5 | സരസ തണ്ണികുളങ്ങര | മൺ വരമ്പ് (7 എണ്ണം ) | 10.50 mtr |
| 6 | കുട്ടിമാളു (നടുത്തലാക്കൽ ) | പണി വന്നിട്ടില്ല | |
| 7 | സുരേഷ് കുമാർ പൊട്ടെൻചാലിൽ | മൺ വരമ്പ് (7എണ്ണം ) | 10.50 mtr |
| 8 | രാജീവൻ കിഴക്കേ മോര്കാട്ട് | മൺ വരമ്പ് (13എണ്ണം ) | 19.5 mtr |
| 9 | ശാരദ തണ്ണികുളങ്ങര | മൺ വരമ്പ് (10എണ്ണം ) | 15 mtr |
| 10 | രാജശ്രീ കുനിയിൽ മോര്കാട്ട് | മൺ വരമ്പ് (13എണ്ണം ) | 19.5 mtr |
| 11 | രാജലക്ഷ്മി മൊടക്കല്ലൂർ | മൺ വരമ്പ് | 15 mtr |

സി. ഐ. ബി ( സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ) = ഉണ്ട്

4)വിഭാഗം എ കനാൽ നവീകരണ പ്രവൃത്തി ഘട്ടം 1വാർഡ് 1, വർക്ക് കോഡ് : IC 212116

നീളം :857.45m

വീതി : 1.26m

ആഴം : 0.50m

ഇതിൽ രണ്ടു റോഡ് വരുന്നുണ്ട് അത് ഉൾപ്പെടുത്താതെയാണ് അളന്നിട്ടുള്ളത്.

സി. ഐ. ബി ( സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ) = ഇല്ലായിരുന്നു. പകരം ആ സ്ഥലത്ത് 2017 ലെ സി. ഐ. ബി ബോർഡ് ആണ് ഉള്ളത്.

5) വിഭാഗം എ നീർത്തട മാസ്റ്റർ പ്ലാൻ പ്രകാരം മണ്ണ് ജല സംരക്ഷണ പ്രവൃത്തികൾ ഘട്ടം 1വാർ ഡ് 1

വർക്ക് കോഡ് : WC 292991

| SI No: | പേര് , വീട്ടുപേര് | പ്രവൃത്തി | അളവുകൾ |
|---|---|---|---|
| 1 | മാളു ബാബു<br>സ്നേഹതീരം , മൊടക്കല്ലൂർ | മണ്ണ് വരമ്പ് | നീളം -33m |
| 2 | കല്യാണി<br>വെള്ളപ്പാറ മീത്ത ൽ , മൊടക്കല്ലൂർ | കല്ല് കയ്യാല | നീളം -8.60m<br>വീതി -1m |
| 3 | ദേവി<br>തുടിയാടി മലയിൽ, മൊടക്കല്ലൂർ | മണ്ണ് കയ്യാല | കാടു പിടിച്ചതിനാൽ അളക്കാൻ സാധിക്കുന്നില്ല |
| 4 | സുനീഷ് കുമാർ , പാലോറ മലയിൽ | മണ്ണ് വരമ്പ് | നീളം -11m |
| 5 | സുധ പാലോറ മലയിൽ | മണ്ണ് കയ്യാല | നീളം -22m, വീതി -1.10m |
| 6 | മാധവി പാലോറ മലയിൽ | മണ്ണ് കയ്യാല | നീളം -5m<br>വീതി - 1.20m |
| 7 | സുമതി അമ്പായതൊടി | മണ്ണ് കയ്യാല | നീളം - 12m, വീതി -1.20m |
| 8 | പ്രഭാകരൻ അമ്പായതൊടി | മണ്ണ് കയ്യാല | നീളം -22 , വീതി -2m |
| 9 | കെ സി ബാലകൃഷ്ണ ൻ പാലോറ മലയിൽ | മണ്ണ് കയ്യാല | നീളം -40.5m<br>വീതി -18m |
| 10 | ബി ജു പാലോറ മലയിൽ | മണ്ണ് കയ്യാല | നീളം -40.5m<br>വീതി -18m |
| 11 | ബിജേഷ് പാലോറ മലയിൽ | മണ്ണ് കയ്യാല | നീളം -40.5m<br>വീതി -18m |
| 12 | അരുണാലയം കമല ഭാസ്കരൻ | കല്ല് കയ്യാല | നീളം 22m<br>വീതി -1.60m |
| 13 | ഇന്ദിര പാ ലോ റ മലയിൽ | കല്ല് കയ്യാല | നീളം -13.50m<br>വീതി -1m |

| | | | |
|---|---|---|---|
| 14 | സുമതി ചന്ദ്രൻ മേ ലോ ത്ത് | മണ്ണ് കയ്യാല | നീളം -22m<br>വീതി -2m |
| 15 | ദാക്ഷായണി വ ടക്കേ പാലോറ മലയിൽ | പണി വന്നിട്ടില്ല | |
| 16 | രാജഗോപാലൻ വടക്കേ പാലോറ മലയിൽ | പണി വന്നിട്ടില്ല | |
| 17 | ബാലൻ നായർ വടക്കേ പാലോ റ മലയി ൽ | പണി വന്നിട്ടില്ല | |
| 18 | നീലിയാകൂൽ ദാസൻ | മണ്ണ് കയ്യാല<br>കല്ല് കയ്യാല | നീളം -4.75m, വീതി -1m<br>നീളം -10.10m,<br>വീതി -2.10m |
| 19 | ദേവു പാലോ റ മലയിൽ | മണ്ണ് കയ്യാല | നീളം -17.70m,<br>വീതി -1.20m |
| 20 | പാലോറ മലയിൽ മനോജ് കുമാർ | മണ്ണ് കയ്യാല<br>മഴ കുഴി | നീളം -17.70m, വീതി -1.20m<br>5 എണ്ണം |
| 21 | പാലോറ മലയിൽ<br>സി എം മാധവൻ | മണ്ണ് വരമ്പ്<br>മണ്ണ് കയ്യാല | നീളം -15m<br>നീളം -15m, വീതി -1.20m |
| 22 | സരോജിനി പാലോറ മലയിൽ | മണ്ണ് വരമ്പ്<br>കല്ല് കയ്യാല<br>മഴ കുഴി | നീളം -15m<br>നീളം -2.20m, വീതി -1m<br>4 എണ്ണം |
| 23 | സാവിത്രി പാലോറ മലയിൽ | മണ്ണ് വരമ്പ്<br>കല്ല് കയ്യാല<br>മഴ കുഴി | നീളം -15m<br>നീളം -2.20m, വീതി -1m<br>4 എണ്ണം |
| 24 | പാ റ മലയി ൽ രാജി | മണ്ണ് കയ്യാല<br>കല്ല് കയ്യാല<br>മഴകുഴി | നീളം -11m, വീതി -2m<br>നീളം -20m, വീതി -1.20m<br>1 എണ്ണം |
| 25 | പെണ്ണുകുട്ടി അമ്പായതൊടി | കല്ല് കയ്യാല<br>മണ്ണ് കയ്യാല | നീളം -10 , ഉയരം -0.5m<br>നീളം -12m, ഉയരം -1m |

| | | | |
|---|---|---|---|
| 26 | തുടിയാടി മലയിൽ പ്രസീത | മണ്ണ് കയ്യാല | കാടു പിടിച്ചതിനാൽ അളക്കാൻ സാ ധിക്കുന്നില്ല |
| 27 | പുനത്തും പടി ക്കൽ വസന്ത | മണ്ണ് കയ്യാല | കാടു പിടിച്ചതിനാൽ അളക്കാൻ സാധിക്കുന്നില്ല |
| 28 | സരോജിനി ആലോക്കണ്ടി മീത്തൽ | മണ്ണ് കയ്യാല | കാടു പിടിച്ചതിനാൽ അളക്കാൻ സാധിക്കുന്നില്ല |
| 29 | നീലിയാകൂൽ ഭാസ്കരൻ | മണ്ണ് കയ്യാല | നീളം- 16.85m<br>വീതി -5m |
| 30 | നീലിയാ കൂ ൽ സുമതി അ മ്മ | മണ്ണ് കയ്യാല | നീളം- 16.85m<br>വീതി -5m |
| 31 | ശിവരാമൻ പടിഞ്ഞാറെ ആലോക്കണ്ടി | മണ്ണ് കയ്യാല | നീളം -20m |
| 32 | സരള പാലോറ മലയിൽ | മണ്ണ് കയ്യാല | നീളം -20m<br>വീതി -2m |
| 33 | ശിവദാസൻ അമ്പായതൊടി | മണ്ണ് കയ്യാല | നീളം -20m, വീതി -2m |
| 34 | ദേവി തറവലക്കണ്ടി | മഴകുഴി<br>മണ്ണ് കയ്യാല<br>കല്ല് കയ്യാല | 15 എണ്ണം<br>നീളം -7m, വീതി -2m<br>നീളം -7m |
| 35 | ശാന്ത അമ്പായതൊടി | മണ്ണ് കയ്യാല<br>കല്ല് കയ്യാല | നീളം -8.20m, വീതി - 1.40m<br>നീളം -8.30m, വീതി -1.40m |
| 36 | തെയ്യോ ൻ പാലോ റ മലയിൽ | മണ്ണ് കയ്യാല | നീളം -20m,<br>വീതി -1.20m |
| 37 | കൃഷ്ണൻ പാലോറ മലയിൽ | മണ്ണ് കയ്യാല | നീളം -50m<br>വീതി -2.6m |
| 38 | ദേവി പാലോറ മലയിൽ | മണ്ണ് കയ്യാല | നീളം -22m, വീതി -1.20m |
| 39 | നീലിയാകൂൽ ലക്ഷ്മി കുട്ടി | മണ്ണ് കയ്യാല | നീളം -30m, ഉയരം -1.20m |
| 40 | തറവലക്കണ്ടി ഗോപാലൻ | മണ്ണ് കയ്യാല | നീളം -7m, ഉയരം -2m |

സി. ഐ. ബി ( സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ) = ഉണ്ട്

6)വിഭാഗം എ നീർത്തട മാസ്റ്റർ പ്ലാൻ പ്രകാരം മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ, ഘട്ടം 3

വാർഡ് 1, വർക്ക് കോഡ്: W/C 292288

| ക്രമ നമ്പർ | പേ ര് | പ്രവർത്തി | അളവ് |
|---|---|---|---|
| 1 | ഇടീക്കൽ ബാലൻ | മണ്ണ് കയ്യാല<br><br>മഴക്കുഴി<br><br>വരമ്പ് നിർമാണം | 31.2 മീ നീളം (ഇടിഞ്ഞതിനാൽ വീതി അളക്കാൻ കഴിഞ്ഞില്ല )<br><br>അളവെടുക്കാൻ കഴിഞ്ഞില്ല(തെങ്ങു തൈ, വാഴ വേസ്റ്റ് തുടങ്ങിയവയാണ് മഴക്കുഴിയിൽ ഉള്ളത് )<br><br>243.9 മീ |
| 2 | വേറങ്കൽ ലീല | മഴക്കുഴി (1)<br><br>വരമ്പ് നിർമാണം | വാഴ നട്ടിരിക്കുന്നു<br><br>101.4 മീ |
| 3 | കുന്നുമ്മൽകണ്ടി ചെക്കിണി | വരമ്പ് നിർമാണം<br><br>മഴക്കുഴി (2)<br><br>കല്ല് കയ്യാല | 24.6 മീ<br><br>1.30 മീ (ആഴം ), 1മീ വീതി, 2.5 നീളം, ഒരു മഴക്കുഴിയിൽ വാഴ നട്ടിരിക്കുന്നു<br><br>കാടായതിനാൽ അളവെടുക്കാൻ സാധിച്ചില്ല |
| 4 | മാണിക്കോത് ഹരിദാസൻ | മഴക്കുഴി (1)<br><br>വരമ്പ് നിർമാണം | കാട്<br><br>225.9 മീ |
| 5 | കരിങ്ങാലി ബാലഗോപാലൻ | വരമ്പ് നിർമാണം | 231 മീ (ബാക്കി മുഴുവൻ കാടായതിനാൽ അളവെടുക്കാൻ കഴിഞ്ഞില്ല ) |
| 6 | കൊല്ലം കണ്ടി ഭാസ്കരൻ | മണ്ണ് കയ്യാല (1)<br><br>കല്ലുകയ്യാല (1) | 21.70മീ നീളം, 32സെ മീ വീതി<br><br>21.70 മീ നീളം, 32സെ മീ വീതി |

| | | | |
|---|---|---|---|
| | | വരമ്പ് നിർമാണം | 71.1മി |
| 7 | ഇടവലത് ശങ്കരൻ നായർ | വരമ്പ് നിർമാണം<br>മണ്ണുകയ്യാല | 171.6 മീ<br>163.8 മീ നീളം |
| 8 | ഭാസ്കരൻ -അഭിനിവാസ് | കല്ല് കയ്യാല (2)<br>മണ്ണുകയ്യാല (6) | 65മീ നീളം 2മീ വീതി<br>183മീ നീളം 6 മീ വീതി |
| 9 | മപ്പുറത് മീത്തൽ സ്വാമിക്കുട്ടി | വരമ്പ് നിർമാണം | 150മീ |
| 10 | എടത്തിൽ രാജൻ നായർ | വരമ്പ് നിർമാണം | 58.2 മീ നീളം |
| 11 | എടത്തിൽ സത്യൻ | വരമ്പ് നിർമാണം<br>മഴക്കുഴി (2)<br>കല്ല് കയ്യാല (1) | 87മീ<br>മണ്ണ് മൂടിയ നിലയിലായതിനാൽ അളക്കാൻ കഴിഞ്ഞില്ല<br>12.80മീ നീളം , 55സെ മീ വീതി |
| 12 | പടിക്കൽ ദ്രൗപതി | വരമ്പ് നിർമാണം<br>മഴക്കുഴി (1) | 69മീ<br>വേസ്റ്റ് ഇടാൻ ഉപയോഗിച്ചാൽ അളവെടുക്കാ ൻ സാധിച്ചില്ല |
| 13 | കോമത് മീത്തൽ മാധവി | കല്ല് കയ്യാല | 7.50 മീ നീളം, 1.15 മീ വീതി |
| 14 | എടവലത് മീത്തൽ ശങ്കരൻ | വരമ്പ് നിർമാണം<br>മഴക്കുഴി (2) | 394മീ<br>കാട് പിടിച്ചിരിക്കുന്നതിനാലും തെങ്ങു, വാഴ തുടങ്ങിയവ ഉള്ളതിനാലും അളവെടുക്കാൻ കഴിഞ്ഞില്ല |
| 15 | മാണിക്കോത് രാമ | വരമ്പ് നിർമാണം<br>കല്ലുകയ്യാല (1) | 155.65മീ<br>19.90 മീ നീളം, 1.25മീ വീതി |
| 16 | മാണിക്കോത് ശങ്കരക്കുറുപ്പ് | വരമ്പ് നിർമാണം | 444.7 മീ |
| 17 | മാണിക്കോത് മീത്തൽ | വരമ്പ് | 526.3 മീ |

| | | | |
|---|---|---|---|
| | കൃഷ്ണൻ കിടാവ് | നിർമാണം | |
| 18 | വടക്കയിൽ മീത്തൽ സുനിത | കല്ലുകയ്യാല (1)<br><br>വരമ്പ് നിർമാണം | 26.60മീ നീളം , 30 സെ മീ വീതി<br><br>26.50 മീ |

സി. ഐ. ബി ( സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ) = ഉണ്ട്

7)വിഭാഗം എ നീർത്തട മാസ്റ്റർ പ്ലാൻ പ്രകാരം മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ, വാർഡ് - 1, ഘട്ടം 3, വർക്ക് കോഡ് : W/C 292030

| ക്രമ നമ്പർ | പേര് | പ്രവർത്തി | അളവ് |
|---|---|---|---|
| 1 | ചെറിയേരി പറമ്പത്ത് കല്യാണി | മണ്ണ് വരമ്പുകൾ<br><br>കല്ലുകയ്യാല (1) | മഴയിൽ ഒലിച്ചുപോയതിനാൽ അളവെടുക്കാൻ കഴിഞ്ഞില്ല<br><br>13 മി നീളം<br><br>1.1മീ വീതി |
| 2 | ചമ്മിൽ മീത്തൽ ഹംസ | മണ്ണ് കയ്യാല | 311.45 മീ |
| 3 | ചമ്മിൽ മീത്തൽ ദേവി | കല്ല് കയ്യാല (1)<br><br>വരമ്പ് നിർമാണം | 28മീ നീളം, 6മീ വീതി<br><br>140.75 മീ |
| 4 | ചമ്മിൽ മീത്തൽ ഉഷ | കിണർ നിർമാണം | 8.80 മീ ആഴം<br><br>കിണർ ഇടിഞ്ഞിട്ടുണ്ട് |
| 5 | ചമ്മിൽ മീത്തൽ ക ണ്ടത്തി | വരമ്പ് നിർമാണം<br><br>മഴക്കുഴി (2)<br><br>കല്ലുകയ്യാല (2) | 182.6മീ<br><br>1.70മീ നീളം, 2.40മീ വീതി<br><br>93മീ നീളം, 6.8മീ വീതി |
| 6 | ചമ്മിൽ മീത്തൽ മീനാക്ഷി | വരമ്പ് നിർമാണം | 121.5 മീ<br><br>38.15 മീ നീളം, 6.6 വീതി |

| | | | |
|---|---|---|---|
| | | കല്ല് കയ്യാല<br><br>മണ്ണ് കയ്യാല | 16.8 മീ നീളം, 3 മീ വീതി |
| 7 | മപ്പുറത് മീത്തൽ ഓമന | കല്ല് കയ്യാല<br>മണ്ണ് കയ്യാല | 10.20 മീ നീളം , 80 സെ മി വീതി<br>5.10മീ നീളം 1മീ വീതി (മണ്ണിട്ട് മൂടിയതിനാൽ പൂർണമായുള്ള അളവെടുക്കാൻ സാധിച്ചില്ല.) |
| 8 | മപ്പുറത് മാധവൻ | കല്ലുകയ്യാല (6)<br><br>വരമ്പ് നിർമാണം<br>മഴക്കുഴി (5) | 80.6 മീ നീളം , 9.25 മീ വീതി<br>156.55 മീ<br>കാടായതിനാൽ അളവെടുക്കാൻ സാധിച്ചില്ല |
| 9 | മപ്പുറത് ലീല | വരമ്പ് നിർമാണം<br>മഴക്കുഴി (2) | 214.7 മീ<br>കാടായതിനാൽ അളവെടുക്കാൻ കഴിഞ്ഞില്ല |
| 10 | ചമ്മിൽ മീത്തൽ ചാത്തുക്കുട്ടി | വരമ്പ് നിർമാണം<br>കല്ലുകയ്യാല | 104.5മീ<br>21.15 മീ നീളം |
| 11 | മപ്പുറത് മീത്തൽ കല്യാണി | വരമ്പ് നിർമാണം | 94.8 മി |
| 12 | പറയരുകണ്ടിബാ ലകൃഷ്ണൻ | വരമ്പ് നിർമാണം | 132.9 മീ |
| 13 | മപ്പുറത് മീത്തൽ ഹസ്സ്യ | മണ്ണ് കയ്യാല<br><br>വരമ്പ് നിർമാണം | 81.9 മീ നീളം , 1.4മീ വീതി<br>65.7 മീ y |
| 14 | ചമ്മിൽ മീത്തൽ ഉഷ | കല്ല് കയ്യാല | 2.90 മീ നീളം (ഇടിഞ്ഞു വീണതിനാൽ അളവ് പൂർണമല്ല ) |
| 15 | കരിങ്ങാലി ഉണ്ണിനായർ | വരമ്പ് നിർമാണം | 518.5 മീ |
| 16 | കരിങ്ങാലി ബാലൻ | മഴക്കുഴി (1) | 1മീ നീളം 1മി വീതി |

| | | | |
|---|---|---|---|
| | | വരമ്പ് നിർമാണം | 135.3 മീ |
| 17 | തൃക്കോവിൽ സുരേന്ദ്രൻ | മഴക്കുഴി (2)<br><br>വരമ്പ് നിർമാണം | കുട്ടികൾ കളിക്കാനുപയോഗിച്ചിരിക്കുന്നു<br><br>65.7 മീ |
| 18 | കേളോ ത് ദേവകിയമ്മ | മഴക്കുഴി (1)<br><br>വരമ്പ് നിർമാണം | കാടായതിനാൽ അളക്കാൻ കഴിഞ്ഞില്ല<br><br>904.8 മീ |
| 19 | ചാത്തോത് ശ്യാമള | വരമ്പ് നിർമാണം | 197 മീ |
| 20 | ചാത്തോത് പ്രകാശൻ | വരമ്പ് നിർമാണം | 114 മീ |
| 21 | തെക്കേടത് ശ്രീധരൻ നായർ | വരമ്പ് നിർമാണം | 309 മീ |
| 22 | തോട്ടോളി നബീസാ | മഴക്കുഴി (2)<br><br>വരമ്പ് നിർമാണം | കാട് പിടിച്ചിരിക്കുന്നു<br><br>382.85 മീ |

സി. ഐ. ബി ( സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ) = ഇല്ലായിരുന്നു

## തൊഴിലാളികളും ആയിട്ട് സംസാരിച്ചപ്പോൾ മനസ്സിലാക്കാൻ സാധിച്ചത്

സോഷ്യൽ ഓഡിറ്റ് റിസോർസ് പേഴ്സൺസ് സന്ദർശിച്ച 50 തൊഴിലാളികളിൽ നിന്നും അറിയാൻ സാധിച്ചത് ;

•) തൊഴിൽകാർഡിനു അപേക്ഷിക്കുമ്പോഴും പുതുക്കുമ്പോഴും കാർഡിനു ആവശ്യമായ ഫോട്ടോയ്ക്കും ഫോട്ടോകോപ്പിയ്ക്കും സ്വന്തം കയ്യിൽ നിന്നു തന്നെയാണ് പൈസ ചിലവായത് എന്നാണ്.

•) തൊഴിലാളികൾ തൊഴിലിനു വേണ്ടി ആവശ്യപെട്ടിട്ട് 15 ദിവസത്തിനുള്ളിൽ അവർക്ക് തൊഴിൽ ലഭിക്കുന്നില്ല.ഇങ്ങനെ 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിച്ചില്ല എങ്കിൽ തൊഴിലില്ലാ വേതനത്തിനു അപേക്ഷിക്കാം എന്ന അവകാശത്തെ പറ്റി അവർ ബോധവാൻമാരല്ല.

•) അനുവദിച്ച തൊഴിൽ കഴിഞ്ഞു 15 ദിവസത്തിന് ശേഷവും കൂലി ലഭിക്കാതെ

വരുന്നവരുണ്ട്.ചിലർക്കു മാസങ്ങൾ കഴിഞ്ഞിട്ടും കൂലി കിട്ടാറില്ല.കൂടാതെ ഇപ്പോഴുള്ളതിൽ നിന്നും കൂലി കൂട്ടണം എന്ന അഭിപ്രായവും ഉണ്ട്.നിലവിലെ വേതനത്തിൽ തൊഴിലാളികൾ ആരും തന്നെ സംതൃപ്തരല്ല. കൂടുതൽ പരാതികളും കൂലിയെ സംബന്ധിച്ചുള്ളതാണ്.

•) തൊഴിലിനുള്ള അപേക്ഷ ആരും തന്നെ വ്യക്തിഗതമായി നൽകാറില്ല എന്നും ഗ്രൂപ്പ്ആയിട്ടാണ് നൽകാറുള്ളത് എന്നും ഫയൽ പരിശോധനയിൽ അറിയാൻ കഴിഞ്ഞു.

•) തൊഴിൽ സ്ഥലത്തെ സൗകര്യങ്ങൾ തൊഴിലാളികളുമായി നേരിട്ട് നടത്തിയ സംഭാഷണത്തിലൂടെ അറിയാൻ കഴിഞ്ഞത് തൊഴിൽ സ്ഥലങ്ങളിൽ അവർക്ക് ആവശ്യമായ സൗകര്യങ്ങൾ ലഭിക്കുന്നുണ്ട്. എങ്കിലും കനാൽ വൃത്തിയാക്കൽ പോലെയുള്ള ചില തൊഴിലുകൾക്ക് ആവശ്യമായ കയ്യുറ,ബൂട്ട്സ്,കൈകൾ വൃത്തിയാക്കാനുള്ള സോപ്പ്,അണുനാശിനി എന്നിവ ഒന്നും തന്നെ ലഭിച്ചിട്ടില്ല. ഇത് വളരെ ഗൗരവത്തോടെ എടുക്കേണ്ട ഒരു പ്രശ്നമാണ്.

•) ചികിത്സാ സഹായം :- തൊഴിലാളികൾക്ക് തൊഴിലിടത്തിൽ വെച്ച് അപകടം സംഭവിച്ചാൽ ചികിത്സാ സൗകര്യം ഉറപ്പ് വരുത്തുക അത്യാവശ്യമാണ്.ചില തൊഴിലാളികൾക്ക് തൊഴിലിടത്തിൽ വെച്ച് അപകടം സംഭവിച്ചിട്ടു ചികിത്സാ സഹായം ഒന്നും തന്നെ ലഭിച്ചിട്ടില്ല.IC 212116 പ്രകാരമുള്ള (വിഭാഗം എ കനാൽ നവീകരണ പ്രവർത്തി ഘട്ടം-1) വാർഡ് ഒന്നിലെ കനാൽ നവീകരണ പ്രവർത്തിയിൽ ഏർപ്പെട്ടിരുന്ന മീനാക്ഷി കെ .ടി,54 വയസ്സ് (KL04/008/002/001/262) എന്ന തൊഴിലാളിക്ക് ലഭിക്കേണ്ട മെഡിക്കൽ സഹായം ലഭിച്ചില്ല.മെഡിക്കൽ ക്ലെയിം കൊടുത്തിട്ട് പൈ സ കൊടുത്തിട്ടില്ല.എന്നാൽ വേണ്ട സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിച്ചതായും കാണുന്നുണ്ട്. ആകെ 1149 രൂപയാണ് മെഡിക്കൽ ക്ലെയിം ആയി നൽകേണ്ടത്.

സമയബന്ധിതമായ പരാതി പരിഹാരത്തിനുള്ള അവകാശം

•) പരാതികൾ രേഖപ്പെടുത്തുന്ന പരാതി രജിസ്റ്ററിൽ പരാതികൾ ലഭിച്ചതായി രേഖകളില്ല. നിർവഹണ ഉദ്യോഗസ്ഥരോടു നേരിട്ടോ ഫോൺ മുഖാന്തിരമോ തൊഴിലാളികൾക്ക് അവരുടെ പരാതികൾ ഉന്നയിക്കാവുന്നതാണ്.

തൊഴിലാളികളുമായി സംസാരിച്ച സമയത്ത് അവർ പറഞ്ഞത് അവരുടെ പ്രവർത്തി സമയം 9 മണി മുതൽ 4 മണി വരെ ആക്കി മാറ്റണം എന്നാണ്.

## നിർദേശങ്ങൾ

### a) **ഉദ്യോഗസ്ഥരോട്**

# പ്രവർത്തി ഫയലിൽ സൂക്ഷിക്കേണ്ട രേഖകൾ കൃത്യമായി സൂക്ഷിക്കുക. കേന്ദ്ര സർക്കാരിന്റെ ഈ കാര്യത്തിലുള്ള മാർഗ നിർദേശം കൃത്യമായി പാലിക്കേണ്ടതാണ്

# ജനകീയ ഭാഷയിലുള്ള എസ്റ്റിമേറ്റ് തൊഴിൽ സ്ഥലങ്ങളിൽ നൽകുക.

# മാസ്റ്റർറോൾ അനുവദിച്ചു നൽകുമ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥ രുടെ തിയ്യതിയോട് കൂടിയ ഒപ്പ്, സീൽ എന്നിവ ഉറപ്പാക്കുക.

# ലേബർ ബഡ്ജറ്റ്, വാർഷിക കർമപദ്ധതി , ഷെൽഫ് ഓഫ് പ്രൊജെക്ട് വർക്ക് , കലണ്ടർ തുടങ്ങിയവ തയ്യാറാക്കുന്നതിൽ തൊഴിലാളികളുടെയും ഗുണഭോക്താക്കളുടെയും പ്രാദേശിക വിദക്തരുടെയും പങ്കാളിത്തം ഉറപ്പു വരുത്തുക.

# കൃത്യമായ ഇടവേളകളിൽ തൊഴിൽ സ്ഥലങ്ങൾ സന്ദർശിക്കുക.

# തൊഴിലാളികൾ ആവിശ്യപ്പെടുന്ന സ്ഥലങ്ങളിൽ കാലാവസ്ഥയ്ക്ക് അനുസരിച്ചുള്ള പ്രവർത്തികൾ നൽകുക.

# പ്രവർത്തി സ്ഥലങ്ങളിൽ കുടിവെള്ളം, തണൽ , പ്രാഥമിക ചികിത്സാസൗകര്യങ്ങൾ എന്നിവ ഒരുക്കി കൊടുക്കുക.

# എസ്റ്റിമേറ്റിനു അനുസൃതമായി തൊഴിൽ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## ഗ്രാമപഞ്ചായത്തിനോട്

# കൃത്യമായ ഇടവേളകളിൽ ഗ്രാമസഭ, സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ എന്നിവ നടത്തുക.

# കൂടുതലായി മഴക്കുഴികളും മണ്ണുകയ്യാലകളുമാണ് ചെയ്തിരിക്കുന്നത്. സ്ഥിര ആസ്തി ഉണ്ടാക്കുന്ന പ്രവർത്തികൾ തിരഞ്ഞെടുക്കുക.

# കൃഷി സംബന്ധമായ പ്രവർത്തികൾ തിരഞ്ഞെടുക്കുമ്പോൾ പഞ്ചായത്തിന് കൈമാറിക്കിട്ടിയ ഘടകസ്ഥാപനമായ കൃഷിഭവനുമായി ആലോചിച്ചു സംയോജിത പദ്ധതികൾ ഏറ്റെടുത്തു നടത്തുക.

# വിദ്യാലയങ്ങൾക്ക് കളിസ്ഥലം, ചുറ്റുമതിൽ എന്നിവ നിർമിച്ചു നൽകുക.

# ദേശീയ ഉപജീവന മിഷന്റെ (NRLM) സഹായത്തോടെ മെച്ചപ്പെട്ട തൊഴിൽ പരിശീലനം ൽകി കുറച്ചു തൊഴിലാളികളെ വിദഗ്ക്ത / അർദ്ധവിദഗ്ധ തൊഴിലാളികളാക്കി മാറ്റുക.

## തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപെടുത്താവുന്ന പ്രവർത്തികൾ

**1. വിഭാഗം എ :- പ്രകൃതി വിഭവ പരിപാലന പ്രവർത്തികൾ.**

A. കുടിവെള്ള സ്രോതസ്സുകൾ ഉൾപ്പെടെയുള്ള ഭൂഗർഭ ജല വിതാനം ഉയർത്താൻ ആവശ്യമുള്ളതും നീർത്തട പരിപാലനത്തിനും ജല സംരക്ഷണത്തിനും ജല കൊയ്ത്തിനും സഹായകമായ നിർമിതികൾ (ഉദാ :- മണ്ണുതടയണകൾ, ചെക്ക്ഡാം, ട്രെഞ്ചിങ് etc)

B. തോടുകൾ, കനലുകൾ, കുളങ്ങൾ എന്നിവയുടെ നിർമാണവും മെയിന്റനൻസ് പ്രവർത്തനങ്ങളും.

C. പരമ്പരാഗത ജലസ്രോതസ്സു കളുടെ ആഴം കൂട്ടൽ വനവൽക്കരണവും പൊതു ഭൂമിയിൽ (കനാൽ ബണ്ടുകൾ , കുളക്കര ) ഫലവൃക്ഷങ്ങൾ നട്ടു പിടിപ്പിക്കൽ. ( ഇവയി ൽ നിന്നും

ലഭിക്കുന്ന ആദായത്തിന്റെ അവകാശം ഖണ്ഡിക 5 ൽ പ്രതിപാദിക്കുന്ന കുടുംബങ്ങൾക്ക് നൽകേണ്ടതാണ്. )

D. പൊതുഭൂമിയിലെ വികസന പ്രവർത്തികൾ.

**2.വിഭാഗം ബി : സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികൾ. (ഖണ്ഡിക 5 ൽ പ്രതിപാതിക്കുന്ന കുടുംബങ്ങൾക്ക് മാത്രം. )**

A. ഖണ്ഡിക 5 ൽ പരാമർശിക്കുന്ന കുടുംബങ്ങൾക്കും ( SC, ST, നൊമാഡിക് ട്രൈബ് , ഡി നോട്ടിഫൈഡ് ട്രൈബ്,

ദരിദ്ര രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ, സ്ത്രീകൾ ഗൃഹനാഥയായ കുടുംബങ്ങൾ, ഭിന്നശേഷിക്കാർ ഗൃഹനാഥരായ കുടുംബം, ഭൂപരിഷ്കരണത്തിന്റെ ഗുണഭോക്താൾ , ഇന്ദിരാ ആവാസ് യോജന ഗുണഭോക്താക്കൾ, വനാവകാശ നിയമപ്രകാരമുള്ള ഗുണഭോക്താക്ക ൾ ) 2008-ലെ കാർഷിക കടാശ്വാസ നിയമപ്രകാരമുള്ള ചെറുകിട-നാമമാത്ര കർഷകർക്കും ഭൂമിയുടെ ഉല്പാദന ക്ഷമത വർധിപ്പിക്കുന്നതിനായി ഭൂവികസനവും,

കിണറുകൾ (Dugg well), കുളങ്ങൾ (Farm Ponds) തുടങ്ങിയ ജലസേചന സൗകര്യങ്ങൾ ലഭ്യമാക്കൽ.

B. പഴക്കൃഷി, പട്ടുനൂൽ കൃഷി , തോട്ടവിള കൃഷി തുടങ്ങിയ ഉപജീവന മാർഗം മെച്ചപ്പെടുത്തൽ.

C. ഖണ്ഡിക 5 ൽ പ്രതിപാതിക്കുന്ന കുടുംബങ്ങൾക്ക് തരിശു ഭൂമി, പാഴ് ഭൂമി തുടങ്ങിയവ മെച്ചപ്പെടുത്തി കൃഷിക്ക് അനുയോജ്യമാക്കൽ.

D. ഇന്ദിര ആവാസ് യോജന പോലുള്ള ഭവന നിർമാണ പദ്ധതികളിലെ അവിദഗ്ധ കായിക തൊഴിൽ ഘടകം

E. മൃഗപരിപാലനം പ്രോത്സാഹിപ്പിക്കുന്നത്തിനുള്ള അടിസ്ഥാന സൗകര്യങ്ങളായ കോഴിക്കൂട് ആട്ടിൻകൂട്, പുൽത്തൊട്ടി തുടങ്ങിയവയുടെ നിർമാണം.

F. മത്സ്യ ബന്ധനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുക.

**3. വിഭാഗം സി: ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ നിബന്ധനകൾ അനുസരിക്കുന്ന സ്വയം സഹായസംഘങ്ങൾ പൊതു അടിസ്ഥാന സൗകര്യങ്ങൾ.**

A. കാർഷികോല്പാദന ക്ഷമത വര്ധിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തികൾ. (ഉദാ :-പോസ്റ്റ് ഹാർവെസ്റ് ഫെസ്റ്റ് )

B. സ്വയം സഹായ സംഘങ്ങളുടെ പ്രവർത്തനങ്ങൾക്ക് ആവിശ്യമായ പൊതു വർക്ക് ഷെഡ്ഡുകളുടെ നിർമാണം.

**4. വിഭാഗം ഡി :- ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ**

A. ശുചിത്വവുമായി ബന്ധപ്പെട്ട പ്രവർത്തികൾ (പൊതു കക്കൂസുകൾ, മാലിന്യ സംസ്കരണം തുടങ്ങിയവ..... )

B. ഒറ്റപ്പെട്ട ഗ്രാമീണ പ്രദേശങ്ങളിലേക്കുള്ള റോഡ് നിർമാണം.

C. കളിസ്ഥല നിർമാണം

D. വെള്ളപ്പൊക്ക നിയന്ത്രണ പ്രവർത്തിക ൾ , വെള്ളക്കെട്ട് oz ഹിവാക്കുന്നതിനുള്ള ജലനിർഗമന പ്രവർത്തികൾ, മഴവെള്ളം കെട്ടി നിൽക്കുന്ന പൊതു സ്ഥലങ്ങളെ മെച്ചപ്പെടുത്തൽ. ദുരന്ത നിവാരണം പ്രവർത്തികളുടെ മെച്ചപ്പെടുത്തൽ.

E. ഗ്രാമപഞ്ചായത്തുകൾ , വനിതാ സ്വയം സഹായ സംഘങ്ങളുടെ ഫെഡറേഷനുകൾ, കൊടുങ്കാറ്റു ബാധിതർക്കുള്ള അഭയ കേന്ദ്രങ്ങൾ, അംഗൻവാടി കേന്ദ്രങ്ങൾ, ഗ്രാമീണ ചന്തക ൾ , എന്നിവയ്ക്കാവിശ്യമുള്ള കെട്ടിട നിർമാണവും ഗ്രാമ /ബ്ലോക്ക് തലങ്ങളിലെ ക്രിമിറ്റോറിയങ്ങളുടെ നിർമാണം.

F. ദേശീയ സുരക്ഷ നിയമ (2013) ത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ആവശ്യമായി വരുന്ന ഭക്ഷ്യ ധാന്യ സംഭരണികളുടെ നിർമാണം.

G. NREGA പ്രകാരം ഏറ്റെടുക്കുന്ന നിർമാണ പ്രവർത്തികളുടെ എസ്റ്റിമേറ്റിന്റെ ഭാഗമായി വരുന്ന നിർമാണ സാമഗ്രികളുടെ ഉത്പാദനം.

H. NREGA പ്രകാരം സൃഷ്ടിക്കപ്പെട്ട ഗ്രാമീണ പൊതു അസ്ഥികളുടെ അറ്റകുറ്റപണികൾ.

I. ഇതു സംബന്ധിച്ച് സംസ്ഥാന സർക്കാരുമായി കൂടിയാലോചിച്ചു കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്യുന്ന ഏതൊരു പ്രവർത്തിയും നടപ്പിലാക്കുക.

## 28-10-2019 നു നടന്ന ഗ്രാമസഭ ചർച്ചയുടെ തീരുമാനങ്ങൾ

അത്തോളി പഞ്ചായത്തിലെ വാർഡ് ഒന്നിലെ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ 28-10-2019 നു രാവിലെ 10.30 ന് കൂമുള്ളി വായനശാലയിൽ വച്ച് നടത്തി. ഗ്രാമസഭയിൽ തൊഴിലുറപ്പ് തൊഴിലാളികൾ, വി.എം.സി അംഗങ്ങൾ ഉൾപ്പെടെ 104 പേർ പങ്കെടുത്തു.പഞ്ചായത്തിലെ NREG സെക്ഷനിൽ നിന്നും എ ഇ ആയ ശ്രീമതി.രജിഷ ആയിരുന്നു പങ്കെടുത്തത്.വാർഡ് മെമ്പർ ഗീത മപ്പുറത്ത് സ്വാഗതം പറഞ്ഞു കൊണ്ട് ഗ്രാമസഭയ്ക്ക് തുടക്കമായി.

തൊഴിലാളികളിൽ നിന്ന് നീലിയാക്കൂൽ ലക്ഷ്മി കുട്ടിയെ അധ്യക്ഷയായി തിരഞ്ഞെടുത്തു. തുടർന്ന് വി.ആർ.പി ഉമിഷ ഭരണഘടന പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.ബി.ആർ.പി ബിന്ദു ആമുഖ അവതരണം നടത്തി. ശ്രീമതി ബിന്ദു സോഷ്യൽ ഓഡിറ്റിനെ കുറിച്ചും തൊഴിലുറപ്പ് പദ്ധതിയുടെ ലക്ഷ്യങ്ങളെ കുറിച്ചും മറ്റു വിവരങ്ങളും വിശദീകരിക്കുകയുണ്ടായി.വി.ആർ.പി.ഷിനി തൊഴിലാളികളുടെ 10 അവകാശങ്ങളെക്കുറിച്ച് മനസ്സിലാക്കിക്കൊടുത്തു.ശേഷം വി. ആർ.പി.മുബീന സോഷ്യൽ ഓഡിറ്റിന്റെ ഭാഗമായി തൊഴിലാളികളുടെ അവകാശങ്ങളുമായി ബന്ധപ്പെട്ട് തൊഴിലാളികളോട് ചോദിച്ചറിഞ്ഞ വിവരങ്ങളെ കുറിച്ച് വിശദീകരിക്കുകയുണ്ടായി.വി.ആർ പി ഉമിഷ, കേന്ദ്ര സർക്കാർ നിർദ്ദേശിക്കുന്ന ഒരു ഫയലിൽ ഉണ്ടായിരിക്കേണ്ട 22 രേഖകളിൽ തൊഴിലാളികളുമായി ബന്ധപ്പെട്ട മൂന്നു രേഖകളെ കുറിച്ച് എടുത്തുപറഞ്ഞു.തുടർന്ന് വി.ആർ.പി അഞ്ജു സന്തോഷ് സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് അവതരണം നടത്തി.ശേഷം അധ്യക്ഷ ലക്ഷ്മികുട്ടി ചർച്ചയ്ക്ക് വേണ്ടി എല്ലാവരെയും ക്ഷണിച്ചു.

*സരള: വേതനം കൃത്യമായി ലഭിക്കാറില്ല.

*ബി.ആർ.പി.ബിന്ദു വേതനം കൃത്യമായി ലഭിച്ചില്ലെങ്കിൽ പരാതിപ്പെടാനും അതിനെ കുറിച്ച് വിശദമായി പറഞ്ഞു കൊടുത്തു.

*പൊതു പ്രവർത്തകനായ T. E കൃഷ്ണൻ: പരാതി പെട്ടില്ലെങ്കിലും നിയമപ്രകാരം വേതനം കൊടുക്കാൻ ബന്ധപ്പെട്ടവർ ബാധ്യസ്ഥരാണ് എന്ന് അഭിപ്രായപ്പെട്ടു.

*ബി. ആർ.പി.ബിന്ദു :ബന്ധപ്പെട്ടവർ നിയമപ്രകാരം വേതനം നൽകാൻ ബാധ്യസ്ഥരാണ് എങ്കിലും എന്തെങ്കിലും കാരണവശാൽ വേതനം ലഭിക്കാൻ വൈകിയാൽ പരാതി നൽകാം.

*വി. ആർ. പി. ഉമിഷ: തൊഴിലാളികൾക്ക് ഇങ്ങനെ ഒരു അവകാശമുണ്ടെന്ന് ബോധവാന്മാരാക്കാൻ വേണ്ടിയാണ് ശ്രീമതി ബിന്ദു അതിനെക്കുറിച്ച് വിശദീകരിച്ചത് എന്ന് മറുപടി പറഞ്ഞു.

* നാരായണി: തൊഴിൽ സമയം 9 മുതൽ 4 വരെ ആക്കാൻ പറ്റുമോ എന്ന് ചോദിക്കുകയുണ്ടായി.

*ബി.ആർ.പി.ബിന്ദു: നിലവിലെ സമയം പാലിക്കാൻ തൊഴിലാളികൾ ബാധ്യസ്ഥരാണ്. കൂടാതെ തൊഴിലാളികളുടെ ഈ അഭിപ്രായം റിപ്പോർട്ട് ചെയ്യാം എന്നു മറുപടി പറഞ്ഞു.

* പ്രേമ: കാർഷികമേഖലയും പശുവളർത്തലും തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താമോ എന്ന് ചോദിച്ചു.

*ബി.ആർ.പി.ബിന്ദു: ഇത്തരം കാര്യങ്ങൾ അയൽക്കൂട്ടങ്ങളിലും കുടുംബശ്രീ യോഗങ്ങളിലും ചർച്ചചെയ്തു തൊഴിലാളികൾ തന്നെ ഇത്തരം തൊഴിലവസരങ്ങൾ കണ്ടുപിടിക്കണം. കൂടാതെ കാലാവസ്ഥയ്ക്ക് അനുസരിച്ചുള്ള തൊഴിലുകളും ചെയ്യണമെന്ന് അഭിപ്രായപ്പെട്ടു.

* പടിക്കൽ താഴെ കോൺക്രീറ്റ് റോഡ് നിർമ്മാണത്തിൽ ചില തൊഴിലാളികൾ സൗജന്യമായി തൊഴിൽ ചെയ്തു എന്ന പരാമർശം ഉന്നയിക്കുകയുണ്ടായി. ഇതിനു മറുപടിയായി മാറ്റ് സ്മിത മറുപടി പറഞ്ഞത് മസ്റ്റർ റോളിൽ ഒപ്പിട്ട തൊഴിലാളികൾ തന്നെയാണ് തൊഴിൽ ചെയ്തത് എന്നാണ്. കൂടാതെ റോഡ് കോൺക്രീറ്റിന് മുൻപായി അവിടെയുള്ള പരിസരവാസികൾ റോഡ് വൃത്തിയാക്കാൻ സഹായിച്ചിരുന്നു എന്ന് പറയുകയുണ്ടായി.

* പാറയിൽ മീത്തൽ ശ്യാമള: ഒരു വർഷമായി തൊഴിൽ കാർഡിന് അപേക്ഷിച്ചിട്ട് കാർഡ് ലഭിച്ചിട്ടില്ല.2018 ലും 2019 ലും അപേക്ഷിച്ചിരുന്നു.

പ്രസന്ന മാറ്റ് : ഇതിനു മറുപടി ആയി പ്രസന്ന മാറ്റ് പറഞ്ഞത്, തൊഴിൽ കാർഡ് പഞ്ചായത്തിൽ റെഡി ആയിട്ടുണ്ട്. എന്നാൽ തൊഴിലാളികളുടെ കൈയിൽ കിട്ടിയിട്ടില്ല. ഈ വിവരം തൊഴിലാളികളെ അറിയിച്ചിട്ടില്ലായിരുന്നു.

* ലക്ഷ്മി : തൊഴിൽ കാർഡിനായിട്ട് അപേക്ഷിച്ചിട്ട് ഒരു വർഷമായിട്ടും കാർഡ് കിട്ടിയിട്ടില്ല

അതിനു മറുപടി ആയിട്ട് അറിയാൻ കഴിഞ്ഞത് അവരുടെ പേര് മാസ്റ്റർറോളിൽ അടിച്ചു വന്നിട്ടുണ്ട് എന്നാണ്

* മാളു : തൊഴിൽ കാർഡ് നമ്പർ 1/58

2011 ലെ തൊഴിലുറപ്പ് പണിക്കിടെ വീണു സാരമായി പരിക്കേറ്റിരുന്നു. തുടർന്ന് കൈയ്ക്കി ഓപ്പറേഷൻ നടത്തുകയും ചെയ്തിരുന്നു. എന്നാൽ ചികിത്സാപരമായിട്ട് ഉള്ള ചിലവുകൾ ഒന്നും അവർക്ക് ഇതുവരെ ലഭിച്ചിട്ടില്ല എന്നാണ്.

ഇതിനു മറുപടി ആയി BRP. ബിന്ദു. പി. ടി പറഞ്ഞത്, പരിക്ക് പറ്റിയ സമയത്ത് അടുത്തുള്ള ഹോസ്പിറ്റലിൽ പോയിട്ട് ( ഗവർമെന്റ് / പ്രൈവറ്റ് ) ചികിത്സ നേടിയതിനു ശേഷം അവിടെ ചിലവായ പണത്തിന്റെ ബില്ല് സൈറ്റ് ഡയറി പഞ്ചായത്തിൽ കൊടുക്കുന്ന സമയത്ത് അപേക്ഷയോടൊപ്പം കൊടുക്കേണ്ടതാണ്.

* ദേവി 1/24: പരിക്ക് പറ്റിയിട്ട് നഷ്ടപരിഹാരം രണ്ട് വർഷമായിട്ടും ലഭിച്ചിട്ടില്ല എന്നാണ്

ഇതിനു മറുപടി ആയി BRP ബിന്ദു തൊഴിൽ കാർഡ് നമ്പർ 1/58 നോട് പറഞ്ഞ അതെ മറുപടി തന്നെ പറഞ്ഞു

* പ്രേമ പൊയിലിൽ : ADS ഫണ്ടിൽ നിന്നാണ് മാറ്റ് മാർക്ക് 1000 രൂപ കൊടുത്തു കൊണ്ടിരുന്നത്. ഈ വർഷം മുതൽ അങ്ങനെ വേണ്ട എന്ന് പറഞ്ഞു. അത് എന്ത് കൊണ്ടാണ്?

* കിണർ റീചാർജിംഗ്, കിണർ കുഴിക്കൽ എന്നിങ്ങനെ ഉള്ള പ്രവർത്തികൾക്ക്

വേണ്ടിയുള്ള വിദഗ്ധ പരിശീലനം ഞങ്ങൾക്ക് നൽകി കൂടെ? (ചോദ്യം ചോദിച്ചത് തൊഴിലാളികൾ കൂട്ടമായി)

* നടപ്പാതകൾ ഉണ്ടാക്കൽ എന്ന പ്രവർത്തി തൊഴിലുറപ്പിൽ ഉൾപ്പെടുത്തിക്കൂടെ?

*വെള്ളയി : 150 തൊഴിൽ ദിനങ്ങൾ ഒരു വർഷം നൽകിക്കൂടെ?

* മൺ വരമ്പ്, കയ്യാല നിർമ്മാണം എന്നിവ വളരെ പ്രയാസമേറിയ കാര്യമാണ്. അത് കൊണ്ട് ഈ പ്രവർത്തികൾ തൊഴിലുറപ്പിൽ ഉൾപ്പെടുത്തുന്നത് വളരെ ബുദ്ധിമുട്ട് ഉള്ള കാര്യമാണ്.

* ചർച്ചയുടെ സമയത്ത് വിവിധ തൊഴിലാളികൾ ചോദിച്ച ചോദ്യത്തിന് A.E.രജിഷ പറഞ്ഞ മറുപടി ;

* പടിക്കൽ താഴെ റോഡിന്റെ നിർമ്മാണത്തിൽ എം. ബുക്ക് പ്രകാരമുള്ള അളവ് വ്യത്യാസപ്പെടാൻ കാരണം അവർ സ്ലാബ് നിർമ്മിച്ചത് എം. ബുക്കിൽ പ്രത്യേകം പറയാത്തത് കൊണ്ടാണ് അളവ് എടുത്ത സമയത്ത് സ്ലാബിന്റെ അളവ് കൂട്ടാത്തത് കൊണ്ടാണ് അളവ് വ്യത്യാസപ്പെട്ടത്.

*പിന്നെ പടിക്കൽ താഴെ റോഡിന്റെ നിർമ്മാണ സമയത്ത് പരിസര വാസികൾ സഹായ സഹകരണം നൽകിയിട്ടുണ്ട്.

* നഷ്ടപരിഹാരങ്ങൾ നൽകുന്നുണ്ട്, എന്നാലും അവ വൈകുന്നത് മെറ്റീരിയൽ ഫണ്ട് ലഭിക്കാത്തത് കൊണ്ടാണ്.

* ADS ഫണ്ടിലേക്കാണ് തൊഴിലുറപ്പ് ആരംഭിച്ച സമയത്ത് ആയുധത്തിന്റെ വാടക പോയിരുന്നത്. ആ ഫണ്ടിൽ നിന്നാണ് തൊഴിലാളികൾക്ക് ആവിശ്യമായിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾക്ക് ഉള്ള പണം ചിലവഴിച്ചിരുന്നത്. ADS ഫണ്ട് തീരുന്ന പക്ഷം മാത്രമേ പഞ്ചായത്തിൽ നിന്നും പണം അനുവദിക്കുകയുള്ളൂ.

* ഈ മറുപടിക്കി BRP. ബിന്ദു പറഞ്ഞത് ADS ഫണ്ട് എല്ലാ വർഷവും പരിശോധിക്കേണ്ടത് ആണ് എന്നാണ്

* പിന്നീട് A.E പറഞ്ഞ മറുപടി ചികിത്സാ സമയത്ത് ചിലവാക്കിയ പണം നഷ്ട പരിഹാരമായിട്ട് ലഭിക്കണം എങ്കിൽ സൈറ്റ് ഡയറിയുടെ കൂടെ ബില്ല് പഞ്ചായത്തിൽ ഹാജരാക്കണം എന്നാണ്. കൂടാതെ അപകടം പറ്റിയ സമയത്ത് തന്നെ മാറ്റ് സ്ഥലത്ത് ഇല്ലെങ്കിലും തൊഴിലാളികൾ ആരെങ്കിലും തന്നെ പരിക്ക് പറ്റിയ വിവരങ്ങൾ സൈറ്റ് ഡയറിയിൽ രേഖപ്പെടുത്തി വെക്കേണ്ടതാണ്.

* തൊഴിൽകാർഡ് കാർഡ് അപേക്ഷിച്ചിട്ട് ലഭിക്കാത്തവരുടെ കാർഡ് പഞ്ചായത്തിൽ ശരിയാക്കി വെച്ചിട്ടുണ്ട്. അവരുടെ പേര് മാസ്റ്റർ റോളിൽ വന്നിട്ടുണ്ട്. ഇങ്ങനെ ഉള്ളവർ തൊഴിൽ ചെയ്യാൻ അർഹത പെട്ടവർ ആണ്.

* വിജിലൻസ് & മോണിറ്ററിങ് കമ്മിറ്റി അംഗങ്ങൾ നിർബന്ധമായും സൈറ്റിൽ തന്നെ വന്നിട്ട് സൈറ്റ് ഡയറിയിൽ ഒപ്പ് വെക്കണം. കൂടാതെ പേരും വിലാസവും ഫോൺ നമ്പറും  പ്രവർത്തിയെ കുറിച്ചുള്ള അഭിപ്രായവും സൈറ്റ് ഡയറിയിൽ രേഖപ്പെടുത്തേണ്ടതാണ്.

ഇതിനായി ഒരു കമ്മിറ്റി അംഗങ്ങളെ നിയോഗിച്ചിട്ടുണ്ട്.

*തീരുമാനങ്ങൾ എല്ലാവരും കൈ അടിച്ചു അംഗീകരിച്ചു.

*അതിനു ശേഷം ഒന്നാം വാർഡിലെ പാലോറ മല ഭാഗത്തെ മേറ്റ് ശ്രീമതി സരള നന്ദി പറഞ്ഞു അവസാനിച്ചു.  ശേഷം 12:45 pm നു ശേഷം സോഷ്യൽ ഓഡിറ്റ്  ഗ്രാമസഭ പിരിച്ചു വിട്ടു.